ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 6
2025 ജൂൺ

# കാട്ടിലെ എഞ്ചിനീയർ

**ബീ**വറുകൾ എന്ന ഒരിനം ജീവികളെക്കുറിച്ച് കേട്ടിട്ടുണ്ടോ? 'കാട്ടിലെ എഞ്ചിനീയർമാർ' എന്നാണിവ അറിയപ്പെടുന്നത്. കാരണം എന്താണെന്നല്ലേ? അരുവികളിലും പുഴകളിലും മരക്കമ്പുകൾ ഉപയോഗിച്ച് തടയണ കെട്ടി ഡാമുകൾ നിർമ്മിക്കാൻ വിദഗ്ധരാണിവർ. തനിക്കുള്ള ഇണയെ കണ്ടെത്തിയാൽ പിന്നെ വീടു നിർമാണത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കും. അനുയോജ്യമായ അരുവിയോ പുഴയോ കണ്ടെത്തും. തീരത്തുള്ള വലിയ മരങ്ങൾ മൂർച്ചയുള്ള പല്ലുകൾ കൊണ്ട് കരണ്ട് പുഴയിലേക്കു വീഴ്ത്തും. കിട്ടാവുന്ന ചുള്ളികമ്പുകളും പായലുകളുമെല്ലാം അടുക്കിവെച്ച് നീരൊഴുക്ക് തടയും. ജലനിരപ്പുയർന്ന് രൂപപ്പെടുന്ന തടാകത്തിനു നടുവിൽ മരച്ചില്ലകളും കല്ലുകളും കൂട്ടിവെച്ച് കൂടുണ്ടാക്കും. വിശ്രമിക്കാനും ഭക്ഷണം സംഭരിക്കാനും കുടുംബാംഗങ്ങൾക്ക് താമസിക്കാനുമെല്ലാം സൗകര്യമുള്ള ഒരു കൊട്ടാരം തന്നെയാണ് ബീവറുകളുടെ വീട്. വെള്ളത്തിനടിയിലൂടെ മാത്രമേ അകത്തേക്ക് പ്രവേശിക്കാൻ കഴിയൂ എന്നതുകൊണ്ട് ശത്രുക്കൾക്ക് ബീവറുകളുടെ വീട്ടിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനും കഴിയില്ല. പങ്കായം പോലുള്ള വാലുള്ളതുകൊണ്ട് വേഗത്തിൽ നീന്താനും ബീവറുകൾക്ക് കഴിയും. മരത്തിന്റെ തൊലി, വേര്, ചെറുകമ്പുകൾ, ഇല എന്നിവയാണ് സസ്യഭുക്കായ ബീവറുകളുടെ പ്രധാന ഭക്ഷണം.



# സമയത്തിന്റെ വില

ഒരിടത്ത് വിനോദങ്ങളിൽ മുങ്ങിക്കഴിയുന്ന ഒരു യുവാവുണ്ടായിരുന്നു. സമയമിങ്ങനെ വെറുതെ കളയരുതെന്നും അത് നല്ല കാര്യങ്ങളിൽ വിനിയോഗിക്കണമെന്നും പലരും അയാളെ ഉപദേശിച്ചുനോക്കി. പക്ഷേ, അതൊന്നും അയാൾ ചെവിക്കൊണ്ടില്ല. ജീവിതം ആനന്ദത്തിലാറാടി ക്കഴിയാനുള്ളതാണ് എന്നായിരുന്നു അയാളുടെ വാദം.

ഒരു ദിവസം അയാളൊരു സ്വൂഫിവര്യന്റെ മുമ്പിൽ എത്തിപ്പെട്ടു. അയാളെ അടിമുടിയൊന്നു നോക്കി സ്വൂഫിവര്യൻ ചോദിച്ചു: 'മോനേ, നിനക്ക് ഒരു കഷ്ണം അപ്പം കിട്ടിയെന്നു കരുതുക. നീയും നിന്റെ ഭാര്യയും മക്കളുമൊക്കെ വിശന്നിരിക്കയാണ്. അപ്പോൾ നീ ആ അപ്പക്കഷ്ണം വഴിയിലൂടെ പോകുന്ന ഒരു പട്ടിക്ക് എറിഞ്ഞുകൊടുക്കുമോ?

'നിങ്ങളെന്തു വിഡ്ഢിത്തമാണീ ചോദിക്കുന്നത്. വിശന്നിരിക്കുന്ന അവസ്ഥയിൽ കൈയിൽ കിട്ടിയ അപ്പം ആരെങ്കിലും എറിഞ്ഞുകളയുമോ?' ആ യുവാവ് സ്വൂഫിയോട് തിരിച്ചുചോദിച്ചു.

എന്നാൽ മറ്റൊരു


BALA KUSUMAM
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

ചോദ്യം ചോദിക്കട്ടേ: സ്വൂഫി അടുത്ത ചോദ്യത്തിലേക്കു കടന്നു: 'നീയൊരു യാത്രയിലാണ്. നിന്റെ കൈവശം ഒരു പാത്രം വെള്ളമേയുള്ളൂ. നിനക്കാവട്ടെ, കഠിന വെയിലുള്ള പരന്നുകിടക്കുന്ന മരുഭൂമിയിലൂടെയാ



ണ് പോകാനുള്ളത്. എങ്കിൽ ആ വെള്ളം നീ കാൽ കഴുകി തീർത്തുകളയുമോ?'

സ്വൂഫിയുടെ ചോദ്യത്തിനു പെട്ടെന്ന് തന്നെ മറുപടി വന്നു: 'അതെങ്ങനെ? ആ വെള്ളം എന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി കരുതിവെക്കുകയല്ലേ വേണ്ടത്! ബുദ്ധിയും വിവരവുമുള്ളവർ അങ്ങനെയല്ലേ ചെയ്യുക?'

അപ്പോൾ സ്വൂഫിവര്യൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'മോനേ, മോൻ നല്ല ബുദ്ധിയുള്ളവൻ തന്നെ. ഒരു കാര്യം കൂടി ചോദിക്കട്ടേ: നീയൊരു യാത്രയിലാണ്. സിം

ഹവും കരടിയുമൊക്കെ ധാരാളമുള്ള ഒരു കാട്ടിലൂടെ നിനക്ക് യാത്ര ചെയ്യണം. നിന്റെ ആവനാഴിയിൽ ഒരൊറ്റ അമ്പേയുള്ളൂ. എങ്കിൽ ആ അമ്പ് നീ കുറുക്കനും പൂച്ചക്കുമൊക്കെ നേരെ എയ്ത് നഷ്ടപ്പെടുത്തുമോ?'

'വിവരമുള്ളവർ അങ്ങനെ ചെയ്യില്ലല്ലോ. ക്രൂര ജന്തുക്കളെ തുരത്താൻ അതു കരുതിവയ്ക്കുന്നതല്ലേ ബുദ്ധി!'

യുവാവിന്റെ മറുപടികൾ കേട്ട സ്വൂഫി പറഞ്ഞു: 'മോനേ, നീ നല്ല ബുദ്ധിമാനാണ്. ഒന്നു ചിന്തിച്ചു നോക്ക്; ആ യാത്രയാണ് നിന്റെ ഈ ജീവിതം. അപ്പവും വെള്ളവും അമ്പുമൊക്കെ ഈ ജീവിതത്തിലെ സമയങ്ങളാണ്. സമയത്തെ ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തുന്നവരാണ് ബുദ്ധിമാന്മാർ. ആവശ്യമില്ലാത്തതും നിസ്സാരവുമായ കാര്യങ്ങൾക്കായി സമയം നഷ്ടപ്പെടുത്തുന്നവർ വിഡ്ഢികളാണ്.'

സ്വൂഫിയുടെ വാക്കുകൾ യുവാവിന്റെ കണ്ണുതുറപ്പിച്ചു. അയാൾ ചിന്തിച്ചു നല്ല മനുഷ്യനായിത്തീർന്നു.

❖

# പുതുമഴയിൽ

പുതുമഴയിൽ
മുല്ലയിൽ പൂ വിടർന്നു
പരിമളമെങ്ങും
പരന്നലിഞ്ഞു
ഒരു നുള്ളു പൂവ്
പറിച്ചെടുത്തു

ഒരു മാല കെട്ടി
ഞാനണിഞ്ഞു
അതു കണ്ടു അമ്മ
അടുത്തു വന്നു
അമ്മ എനിക്കൊരു
ഉമ്മ തന്നു.

ആനപ്പുഴയ്ക്കൽ അനിൽ


സഫർ
ങ്ഹും! വേറെ പണിയൊന്നുമില്ലാഞ്ഞിട്ടാ... മരം നടണം പോലും... അതും റോഡുമ്മൽ... ആർക്കുവേണ്ടീട്ടാ....?
അസ്സലാമു അലൈക്കും.
വ അലൈക്കു മുസ്സലാം. ങേ... സഫറോ?
ങാ... മൊയ്തുക്കയെന്താ ഒറ്റയ്ക്കിരുന്നു പിറുപിറുക്കുന്നത്?
ഓരോ പിരാന്തൻ പണികള്... കണ്ടില്ലേ കുറെ വാല്യക്കാര്!
എന്താ മൊയ്തുക്ക പറയ്ണത്; മരം നടുന്നതിനെക്കുറിച്ചാണോ?
ങാ, അതുതന്നെ. ഈ റോഡിലൊക്കെ മരം നട്ടിട്ട് എന്തു കിട്ടാനാ? അതിന് നമ്മളും കൂടണം പോലും!
അവര് മൊയ്തുക്കാനെ വിളിച്ചോ?
വിളിച്ച്.. പക്ഷേ, ഞമ്മളെ അതിനൊന്നും കിട്ടൂലാ.


2
അതെന്താ, അവർ നല്ല കാര്യമല്ലേ ചെയ്യുന്നത്?
നല്ല കാര്യോ? പിരാന്തൻ പണിയല്ലേ അത്? എന്താണതു കൊണ്ട് കാര്യം?
ഭ്രാന്തൻ പണിയൊന്നുമല്ല ഇക്കാ. നല്ല ബുദ്ധിപൂർവ്വമുള്ള പരിപാടിയാ.
റോഡില് മരം നട്ണതോ? ഞമ്മക്ക് മനസ്സിലാക്ണില്ല.
മൊയ്തുക്കാ, ഇന്ന് ജൂൺ അഞ്ചല്ലേ? ഇന്നാണ് പരിസ്ഥിതി ദിനം.
എന്നു പറഞ്ഞാല്?
നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ എന്തെങ്കിലുമൊക്കെ ചെയ്യണ്ടേ?
റോഡിൽ മരം നട്ടാൽ അതായോ?
നാം ശ്വസിക്കുന്ന വായു ശുദ്ധീകരിക്കുന്നതിലും അന്തരീക്ഷത്തിലെ ചൂട് കുറയ്ക്കുന്നതിലും മണ്ണിനെ പിടിച്ചുനിർത്തുന്നതിലും കണക്കില്ലാത്തത്ര ജീവജാലങ്ങൾക്ക് ഭക്ഷണവും അഭയവും നൽകുന്നതിലും മരത്തിനുള്ള പങ്ക് എത്രയോ വലുതാണ്. നാം ഒരു മരം നട്ടുവളർത്തിയാൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിൽ ചെറിയൊരു പങ്ക് നമുക്ക് വഹിക്കാൻ കഴിയും.
നീയീ പറഞ്ഞതൊന്നും ഞമ്മളെ തലേൽക്ക് കേറ്ണില്ല.
എന്നാൽ ഞാൻ മറ്റൊരു കാര്യം പറയട്ടേ.
പറഞ്ഞോളൂ.


മുത്ത്റസൂൽ പറഞ്ഞിട്ടുണ്ട്; നമ്മൾ ഒരു ചെടിയോ മരമോ നട്ടാൽ...
നട്ടാല്?
അത് വളർന്നു വലുതായി കായ്കനികളുണ്ടായാൽ...
ഉണ്ടായാല്?
ആ മരത്തിൽ നിന്ന് പക്ഷികളോ മൃഗങ്ങളോ മറ്റെന്തെങ്കിലും ജീവികളോ തിന്ന് വിശപ്പടക്കിയാൽ അതിനു നമുക്ക് പരലോകത്ത് ദാനധർമ്മത്തിന്റെ പ്രതിഫലം കിട്ടുമെന്ന്.
നേരോ, അങ്ങനെയുണ്ടോ?
അതേ, അതിന്റെ കായ്കനിൾ കള്ളന്മാർ കട്ടുകൊണ്ടുപോയാൽ പോലും നമുക്ക് പുണ്യം ലഭിക്കും.
അപ്പോ വലിയ കാര്യാണല്ലേ അവര് ചെയ്യണത്!
എന്താ സംശയം, വല്യ കാര്യം തന്നെയാണ്.
എന്നാ വാ, നമുക്കും അവരോടൊപ്പം കൂടാം.



മുഹ്സിൻ പുലത്ത്

# പ്ലാസ്റ്റിക് എന്ന ഭീകരൻ

തണൽ വിരിക്കുന്ന മരങ്ങൾ, തെളിഞ്ഞൊഴുകുന്ന അരുവികൾ, പച്ച പുതച്ച കുന്നുകൾ, വയലുകൾ, വിവിധയിനം കൃഷികൾ.... എത്ര മനോഹരമാണ് നമ്മുടെ പ്രകൃതി. അല്ലേ?

എന്നാൽ, ഇതിനെല്ലാം ഭീഷണിയാണ് പ്ലാസ്റ്റിക് എന്ന ഭീകരൻ. ഉപയോഗശേഷം നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മുടെ പ്രകൃതിയെ ദിവസം തോറും നശിപ്പിക്കുന്നു.

ലോകം നേരിടുന്ന വലിയ വെല്ലുവിളികളിലൊന്നാണ് പ്ലാസ്റ്റിക് മലിനീകരണം. കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ഭക്ഷണത്തിലൂടെയും പ്ലാസ്റ്റികിന്റെ അംശങ്ങൾ നമ്മുടെ ശരീരത്തിലേക്കെത്തുന്നുണ്ട്. ആഗോളതലത്തിൽ ഓരോ വർഷവും 11 ദശലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് ജല ആവാസവ്യവസ്ഥയിലേക്കെത്തുന്നത്. മലിനജലത്തിലൂടെയും മാലിന്യക്കൂമ്പാരങ്ങളിലൂടെയും മൈക്രോപ്ലാസ്റ്റിക് മണ്ണിൽ അടിഞ്ഞുകൂടുകയും കാർഷിക ഉൽപന്നങ്ങൾ വഴി അവ നമ്മുടെ ശരീരത്തിലെത്തുകയും ചെയ്യുന്നു. വർഷം തോറും പ്ലാസ്റ്റിക് മലിനീകരണം മൂലം ഉണ്ടാകുന്ന സാമൂഹികവും പാരിസ്ഥിതികവുമായ ചെലവ് 300-600 ബില്യൺ യു.എസ് ഡോളറാണ്.

ഉപയോഗിക്കുന്നതിലുള്ള സൗകര്യം, ഈട്, കുറഞ്ഞ വില എന്നിവ കാരണം പ്ലാസ്റ്റിക് ഇന്ന് ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്.

അമിതോപയോഗവും അശാസ്ത്രീയമായ സംസ്കരണരീതികളുമാണ് പ്ലാസ്റ്റിക്കിനെ ഭൂമിയിലെ ഏറ്റവും അപകടകാരിയായ മലിനീകരണ വസ്തുവാക്കി മാറ്റുന്നത്. കരയിലും കടലിലുമുള്ള ജീവികളെയും മനുഷ്യന്റെ ആരോഗ്യത്തെയും ഇത് സാരമായി ബാധിക്കുന്നു.

### പ്ലാസ്റ്റിക് എന്നാൽ?

എഥിലിൻ മോളിക്യൂളുകളുടെ പോളിമർ രൂപമായ പോളാഎഥിലിനാണ് പ്ലാസ്റ്റിക്കിന്റെ അടിസ്ഥാന ഘടകം. ഒരു കാർബൺ ആറ്റത്തിന് രണ്ട് ഹൈഡ്രജൻ ആറ്റമെന്ന അനുപാതത്തിലുള്ള ദീർഘശൃംഖലയായാണിത് നിലകൊള്ളുന്നത്.

### വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ

2,000 ട്രക്കുകളിൽ ഉൾക്കൊള്ളുന്നത്ര പ്ലാസറ്റിക് മാലിന്യങ്ങളാണ് ദിനംപ്രതി സമുദ്രങ്ങളിലേക്കും നദികളിലേക്കും തടാകങ്ങളിലേക്കും വലിച്ചെറിയപ്പെടുന്നത്. ഓരോ വർഷവും 19 – 23 ദശലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ജല ആവാസവ്യവസ്ഥയിലേക്ക് ഒഴുകിയെത്തുകയും തടാകങ്ങളും നദികളും കടലുകളും മലിനമാക്കുകയും ചെയ്യുന്നു. തീരദേശങ്ങളിൽ ഓരോ വർഷവും 1 മുതൽ 8 ദശലക്ഷം ടൺ വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സമുദ്രത്തിലെത്തുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

### പ്ലാസ്റ്റിക് എന്ന സർവ്വവ്യാപി

ചെറിയ മിഠായിക്കവറുകൾ മുതൽ വമ്പൻ വ്യാവസായിക ഉപകരണങ്ങൾ വരെ പ്ലാസ്റ്റിക് കൊണ്ട് നിർമ്മിക്കുന്നുണ്ട്. ജൈവവിഘടനമില്ലാത്തതിനാൽ നൂറുകണക്കിന് വർഷങ്ങൾ കഴിഞ്ഞാലും അവ പരിസ്ഥിതിയിൽ നിലനിൽക്കും. ഇതുവരെ ലോകത്ത് നിർമ്മിച്ച എല്ലാ പ്ലാസ്റ്റിക് വസ്തുക്കളും ഏതെങ്കിലും തരത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

### കടലിലും കരയിലും

പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ദൃശ്യമായ പ്രത്യാഘാതങ്ങളിലൊന്നാണ് അത് കരയിലെയും കടലിലെയും ജീവികളിലുണ്ടാക്കുന്ന ഭവിഷ്യത്തുകൾ. സമുദ്രജീവികളാണ് പ്ലാസ്റ്റിക്കിന്റെ



ദുരന്തഫലങ്ങൾ കൂടുതൽ അനുഭവിക്കുന്നത്. പ്ലാസ്റ്റിക് ബാഗുകൾ ജെല്ലിഫിഷുകളെന്ന് തെറ്റിദ്ധരിച്ച് അകത്താക്കുന്ന കടലാമകളുടെ ജീവൻ വരെ അപകടത്തിലാകാറുണ്ട്. ഭക്ഷണമെന്നു തെറ്റിദ്ധരിച്ച് പക്ഷികളും ചെറിയ പ്ലാസ്റ്റിക് കഷണങ്ങൾ കഴിക്കാറുണ്ട്. ഇത് അവയുടെ ദഹനവ്യവസ്ഥയെ തകരാറിലാക്കുകയും വിഷബാധയ്ക്ക് കാരണമാവുകയും ചെയ്യും. കരക്കടിയുന്ന കൂറ്റൻ തിമിംഗിലങ്ങളുടെ വയറ്റിൽ കിലോ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കാണപ്പെടാറുള്ളത്. 2050 ആകുമ്പോഴേക്കും സമുദ്രങ്ങളിൽ മത്സ്യങ്ങളെക്കാൾ കൂടുതൽ പ്ലാസ്റ്റിക് ഉണ്ടാകുമെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്. വല പോലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളിൽ കുരുങ്ങിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ അകത്താക്കിയും നിരവധി ജീവികളാണ് ദിനം പ്രതി ചത്തൊടുങ്ങുന്നത്.

### ആരോഗ്യത്തിലെ ആശങ്കകൾ

പരിസ്ഥിതിക്കു മാത്രമല്ല, മനുഷ്യന്റെ ആരോഗ്യത്തിനും പ്ലാസ്റ്റിക് അപകടങ്ങൾ സൃഷ്ടിക്കുന്നു. പ്ലാസ്റ്റിക് നിർമ്മാണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കൾ ഭക്ഷണപാനീയങ്ങളിൽ കലരുകയും ഹോർമോൺ അസന്തുലിതാവസ്ഥ, പ്രത്യുൽപാദന പ്രശ്നങ്ങൾ, കാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മലിനീകരണം ആവാസ വ്യവസ്ഥകളെയും പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും മാറ്റിമറിക്കുകയും കാലാവസ്ഥയുമായി പൊരുത്തപ്പെടാനുള്ള ആവാസവ്യവസ്ഥയുടെ കഴിവ് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ദശലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗത്തെയും ഭക്ഷ്യോൽപാദന ശേഷിയെയും സാമൂഹികക്ഷേമത്തെയും പ്ലാസ്റ്റിക് നേരിട്ട് ബാധിക്കുന്നുണ്ട്.

### പരിഹാരത്തിലേക്കുള്ള ചുവടുകൾ

- തുണി സഞ്ചികൾ, ഗ്ലാസ് പാത്രങ്ങൾ, പേപ്പർ സ്ട്രോകൾ തുടങ്ങിയ ബദലുകൾ സ്വീകരിച്ച് പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക.
- പ്ലാസ്റ്റിക് ഉത്തരവാദിത്തത്തോടെ പുനരുപയോഗം നടത്തുകയും പുനരുപയോഗ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പ്ലാസ്റ്റിക്കിന്റെ ആഘാതത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും പരിസ്ഥിതിസൗഹൃദ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിയന്ത്രിക്കുകയും സുസ്ഥിരബദലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

# ബലിപെരുന്നാൾ
# ത്യാഗത്തിന്റെ ഓർമകൾ

**ഖ**ലീലുല്ലാഹ് എന്ന സ്ഥാനപ്പേര് ലഭിച്ച പ്രവാചക നാണ് ഇബ്റാഹീംനബി(അ). ജീവിതത്തിൽ ഒരുപാട് പരീ ക്ഷണങ്ങൾ നേരിട്ട നബിയാ ണവർ. പ്രായമേറെയായിട്ടും മക്കളുണ്ടാകാത്തതിന്റെ സങ്ക ടത്തിൽ നബി ഒരിക്കൽ ദുആ ചെയ്തു: 'പടച്ചവനേ, നീ എനിക്കൊരു മോനെ തന്നാൽ അവനെ നിനക്ക് വേണ്ടി ബലി യർപ്പിക്കാനും ഞാൻ തയ്യാറാ ണ്.'



അല്ലാഹു ആ പ്രാർത്ഥന സ്വീകരിച്ചു. ഇബ്റാഹീംന ബി(അ)ന്റെ ഭാര്യ സുന്ദരനായ ഒരാൺകുഞ്ഞിനെ പ്രസവി ച്ചു. ഇബ്റാഹീം നബി(അ)ന് സന്തോഷമായി. പൊന്നു മോനെ താലോലിച്ചു വളർത്തി. അങ്ങനെ കഴിയുമ്പോഴാണ് അല്ലാഹുവിൽ നിന്നുള്ള ഒരു പരീക്ഷണമെത്തിയത്. പൊ ന്നുമോനെയും ഉമ്മ ഹാജറിനെ യും മക്കയിൽ കൊണ്ടുപോയി വിടാൻ.

അല്ലാഹുവിന്റെ കല്പന അനുസരിക്കാൻ ഒരു മടിയുമില്ലാത്ത ഇബ്റാഹീംനബി(അ) അപ്പോൾ തന്നെ ഹാജ റിനെയും മകനെയും കൂട്ടി ബാബിലോ ണിൽ നിന്ന് മക്ക യിലേക്ക് പുറപ്പെട്ടു. അന്ന് കുന്നുകളും പാറക്കൂട്ടങ്ങളും നിറഞ്ഞ

വെള്ളം പോലും കിട്ടാത്ത മരുഭൂമിയായിരുന്നു മക്ക. അല്ലാഹു നിർദ്ദേശിച്ച സ്ഥലത്ത് പൊന്നോമനയായ ചോരപ്പൈതലിനെയും ഉമ്മയെയും തനിച്ചാക്കി ഇബ്റാഹീംനബി(അ) തിരിച്ചുപോയി, കഠിനമായ മനോവേദന കടിച്ചിറക്കിക്കൊണ്ട്.

ഹാജർ പൊന്നുമോനെയുമായി ആ പാറക്കെട്ടുകൾക്കിടയിലിരുന്നു. ഭാണ്ഡത്തിലുണ്ടായിരുന്ന കാരക്ക തിന്ന് വിശപ്പടക്കി. തോൽപ്പാത്രത്തിലെ വെള്ളം കുടിച്ച് ദാഹം തീർത്തു. രാവും പകലും മറ്റാരെയും കാണാതെ വിഷമിച്ചു. ഒടുവിൽ കാരക്കയും വെള്ളവും തീർന്നു. വിശപ്പും ദാഹവും ഹാജറിനെ തളർത്തി. അതോടെ പൊന്നുമോന് അമ്മിഞ്ഞപ്പാലും കിട്ടാതായി. പൊന്നുമോൻ തൊണ്ട പൊട്ടിക്കരഞ്ഞു. അതു കണ്ട് സഹിക്കാനാവാതെ ഹാജർ നാലുപാടും ഓടി. അപ്പുറത്തും ഇപ്പുറത്തുമുണ്ടായിരുന്ന കുന്നുകളിലേക്ക് ഓടിക്കയറി നോക്കി; ആരെങ്കിലും വരുന്നുണ്ടോ എന്നറിയാൻ. പൊന്നുമോന്റെ തൊണ്ട നനയ്ക്കാനിത്തിരി വെള്ളം കിട്ടാൻ!

അതിനിടെ അവർ താഴോട്ട് നോക്കിയപ്പോൾ കണ്ടു; പൊന്നുമോൻ കരച്ചിലിനിടയിൽ



കാലിട്ടടിച്ച സ്ഥലത്തു നിന്ന് നീരുറവ പൊട്ടിയൊഴുകുന്നു. അവർ ഓടിച്ചെന്ന് കൈക്കുമ്പിളിൽ വെള്ളം കോരി പൊന്നുമോനെ കുടിപ്പിച്ചു, കുളിപ്പിച്ചു. അവരും വേണ്ടുവോളം ശുദ്ധജലം കുടിച്ച് ക്ഷീണം തീർത്തു. പിന്നെയും വെള്ളമൊഴുകിയപ്പോൾ തടഞ്ഞുനിർത്തി മെല്ലെ പറഞ്ഞു: സംസം – വെള്ളമേ നീ അടങ്ങ് എന്ന്. പിന്നെ വെള്ളം ഒഴുകിയില്ല. അവരുണ്ടാക്കിയ തടത്തിലൊതുങ്ങി നിന്നു. ഒരിക്കലും വറ്റാത്ത നീരുറവ സംസം അങ്ങനെയാണുണ്ടായത്.

മരുഭൂമിയിൽ വെള്ളം കണ്ടതോടെ പറവകൾ പറന്നെത്തി. അതുകണ്ട് യാത്രക്കാരും വന്നു. അങ്ങനെ വൈകാതെ അവിടെയൊരു ജനവാസസ്ഥലമായി. പൊന്നുമോൻ ഇസ്മാഈൽ അവിടെ കളിച്ചുവളർന്നു. ഉപ്പ ഇബ്റാഹീംനബി(അ) ഇടയ്ക്കിടെ മകനെയും ഭാര്യയെയും കാണാനെത്തി.

ഇസ്മാഈലിനു പന്ത്രണ്ട് വയസ്സായപ്പോൾ ഇബ്റാഹീംനബി(അ) ഒരു സ്വപ്നം കണ്ടു: 'നബിയേ നേർച്ച വീട്ടുക.' ആരോ പറയുന്നു. ഒരാൺകുഞ്ഞുണ്ടായാൽ അവനെ അല്ലാഹുവിന് ബലിയർപ്പിക്കാൻ തയ്യാറാണെന്ന് നേർച്ച ചെയ്തിരുന്നല്ലോ. നബി ഉടനെ മക്കയിലേക്ക് പുറപ്പെട്ടു. മകനെ ചെന്നു കണ്ട് നേർച്ചക്കാര്യം പറഞ്ഞു. അനുസരണയുള്ള മകൻ പറഞ്ഞു: 'അങ്ങനെ നേർച്ച നേർന്നിട്ടുണ്ടെങ്കിൽ ഉപ്പയെന്നെ ബലിയറുത്തോളൂ.'

നബി മകനെ ബലിയറുക്കാനൊരുങ്ങി. അപ്പോൾ അല്ലാഹു സന്ദേശമയച്ചു: 'വേണ്ട, താങ്കളുടെ ആ അനുസരണ സന്നദ്ധത തന്നെ മതി. പകരം ഒരാടിനെ ബലിയറുത്തോളൂ.' അപ്പോഴേക്കും ജിബ്രീൽ(അ) ഒരാടിനെയുമായി അവിടെ വന്നു. ആ ആടിനെ ബലിയറുത്തു. അല്ലാഹുവിനെ വാഴ്ത്തി: 'അല്ലാഹു അക്ബർ...'

ആ ദിനമാണ് നമ്മുടെ ബലിപെരുന്നാൾ. ഇബ്റാഹീംനബി(അ)ന് അല്ലാഹു നൽകിയ ആദരവാണീ സുദിനം. അല്ലാഹുവിന്റെ മാർഗത്തിൽ ഏതു ത്യാഗത്തിനും തയ്യാറാണെന്ന പ്രഖ്യാപനത്തിന്റെ ദിനം. ആ പ്രഖ്യാപനമാണ് ബലിപെരുന്നാൾ ദിനത്തിൽ ഉള്ഹിയ്യത്തിലൂടെ മുസ്‌ലിംകൾ നിർവഹിക്കുന്നത്.

കുഞ്ഞുമോൻ

അബൂതസ്നീം

# നമുക്കായ്... ഭൂമിക്കായ്...

പുതിയ യൂണിഫോമും പുതിയ പുസ്തകങ്ങളും പുതിയ ബാഗും കുടയും... പുതിയ അധ്യയന വർഷം ബഹുഗംഭീരം തന്നെ. പുതിയ സാറുമായിരിക്കും ഇക്കൊല്ലം. മാഷോ അതോ ടീച്ചറോ?

കൂട്ടുകാർ ഒന്നിച്ചിരുന്ന് സന്തോഷം പങ്കിട്ട് ബഹളം വെച്ചിരിക്കുമ്പോഴാണ് അൻവർ സാർ ക്ലാസിലേക്ക് കയറി വന്നത്. 'ങേ...? അൻവർ സാർ തന്നെയാണോ ഇക്കൊല്ലവും ക്ലാസ് മാഷ്?'

ചില മുഖങ്ങളിൽ നേരിയൊരു ഇഷ്ടക്കേട്! ചില മുഖങ്ങളിൽ നീരസം! എന്നാൽ അധിക മുഖങ്ങളിലും സന്തോഷമാണ്. അൻവർമാഷോട് അത്രയും ഇഷ്ടമാണല്ലോ അവർക്കെല്ലാം. അൻവർ സാറെത്തന്നെ ക്ലാസ്മാഷായി കിട്ടണേ എന്നായിരുന്നു കുഞ്ഞുമോനും കൂട്ടുകാരുമൊക്കെ ആഗ്രഹിച്ചിരുന്നത്. മാഷാണെങ്കിൽ കളിയിലൂടെയും തമാശകളിലൂടെയും എല്ലാം പഠിക്കാം. ഒരു കാര്യത്തിലും പ്രയാസമുണ്ടാവില്ല.

സാറ് മുഖങ്ങളിലേക്കെല്ലാം ഒന്നു കണ്ണോടിച്ചു നോക്കി ചോദിച്ചു: 'എന്താ, ഞാൻ വന്നത് ചിലർക്കൊന്നും അത്ര ഇഷ്ടായില്ലെന്നു തോന്നുന്നല്ലോ. എന്നാൽ ഞാനങ്ങ് പോയേക്കാം.'

അതു കേട്ടപ്പോൾ എല്ലാവരും ഒന്നിച്ചു പറഞ്ഞു: 'ഇഷ്ടാണു സാർ. ഞങ്ങൾക്ക് സാർ തന്നെ മതി.' അതോടെ സാറിനും സന്തോഷമായി.

പിന്നെ വർത്തമാനങ്ങളായി, കഥകളായി നേരം പോയതറിഞ്ഞില്ല. ബെല്ലടിക്കാറായപ്പോൾ സാർ

പറഞ്ഞു: 'നമുക്കിനി പാഠങ്ങളൊക്കെ തുടങ്ങണമല്ലോ. അതിനുമുമ്പ് ഒരു വർക്കുണ്ട് നിങ്ങളെ ഏൽപ്പിക്കാൻ. ജൂൺ അഞ്ചിന്റെ പ്രത്യേകത എന്താണെന്നറിയില്ലേ കൂട്ടുകാർക്ക്?'

'അന്ന് എന്റെ ബർത്ഡേയാണ് സാർ. സാറെങ്ങനെ അത് മനസ്സിലാക്കി?' റിയാസ് ചാടിയെണീറ്റു ചോദിച്ചു.

ക്ലാസ്സിൽ കൂട്ടച്ചിരി മുഴങ്ങി. സാറും ആ ചിരിയിൽ പങ്കുചേർന്നു; ചിരിയോട് ചിരി. അതു കണ്ട് റിയാസൊന്നു പരുങ്ങി. സാറ് അവന്റെയടുത്തു ചെന്ന് പുറത്തു തട്ടി അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു: 'എനിക്കറിയാമെടോ ജൂൺ 5 നിന്റെ ബർത്ഡേയാണെന്ന്. കഴിഞ്ഞ കൊല്ലം നീ ഞങ്ങൾക്കൊക്കെ നല്ല മിഠായി തന്നതല്ലേ ഇക്കൊല്ലം മിഠായി പോരാട്ടോ, കേക്ക് തന്നെ വേണം.'

അതുകേട്ടപ്പോൾ റിയാസിന് സന്തോഷമായി. അവനൊന്നു ഞെളിഞ്ഞിരുന്നു.

അപ്പോൾ കുഞ്ഞുമോൻ എഴുന്നേറ്റു നിന്ന് ചോദിച്ചു: 'ജൂൺ അഞ്ചിനല്ലേ സാർ ലോക പരിസ്ഥിതിദിനം?'

'അതേ. അതുതന്നെ. അന്ന് നമുക്കൊരു പരിപാടിയൊക്കെ വേണ്ടേ? പരിസ്ഥിതിദിനം ആചരിക്കേണ്ടേ?'

'വേണം വേണം...' കുട്ടികൾ ഉറക്കെ



വിളിച്ചുപറഞ്ഞു.

'എന്നാൽ, ഇക്കൊല്ലം പരിപാടി നടത്തേണ്ടത് നിങ്ങളാണ്. ഞാനൊന്നും പറഞ്ഞുതരില്ല. നിങ്ങളിപ്പോൾ ഉയർന്ന ക്ലാസിലെത്തിയിട്ടുണ്ടല്ലോ.' സാറിന്റെ വാക്കുകൾ കേട്ടപ്പോൾ ക്ലാസ് നിശ്ശബ്ദമായി.

'സാർ ഒന്നും പറഞ്ഞുതരാതെ ഞങ്ങൾക്കെങ്ങനെ പരിപാടി നടത്താൻ കഴിയും സാർ?'

'അതൊക്കെ നടത്താൻ കഴിയും. നമുക്ക് അഞ്ച് ഗ്രൂപ്പുകളായി തിരിയാം. ഓരോ ഗ്രൂപ്പും പരിസ്ഥിതി ദിനാചരണത്തെക്കുറിച്ച് ഓരോ കുറിപ്പുകൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കണം. എന്താ?'

'ഇത്രേയുള്ളൂ? ഞങ്ങൾ തയ്യാറാണ് സാർ.' ഫിദ എഴുന്നേറ്റു നിന്നു പറഞ്ഞു.

'എന്നാൽ ഞാൻ ഗ്രൂപ്പ് തിരിച്ചു തരാം. നിങ്ങൾ 41 പേരല്ലേ? ഓരോ ഗ്രൂപ്പിലും എട്ടുപേർ. ഒരാൾ എല്ലാവർക്കും മാർഗ്ഗനിർദേശം നൽകുന്ന ചീഫ് ലീഡറും. എന്താ?'

'അങ്ങനെ മതി സാർ.' എല്ലാവർക്കും സമ്മതം.

'എന്നാൽ ചീഫ്ലീഡറുടെ പേര് നിർദ്ദേശിക്കൂ' സാറ് പറഞ്ഞുതീരേണ്ട താമസം എല്ലാവരും കൂടി വിളിച്ചുപറഞ്ഞു: 'അത് നമ്മുടെ



മുജ്തബ തന്നെ.'

'സാർ, ഞാൻ... എനിക്ക്....' കുഞ്ഞുമോൻ അതേറ്റെടുക്കാനുള്ള പ്രയാസത്തോടെ സാറിന്റെ നേരെ നോക്കി. സാർ അവന്റെ അടുത്തു വന്നു പ്രോത്സാഹിപ്പിച്ചു: 'പേടിക്കണ്ടടോ, ഞാനുമുണ്ടാവും കൂടെ.'

**** ****



അഞ്ചാം തീയതി ശരിക്കും ഒരുങ്ങിത്തന്നെയാണ് എല്ലാവരുമെത്തിയത്. 6 കുറിപ്പുകൾ റെഡി. ഒരു ആമുഖക്കുറിപ്പും അഞ്ച് ഉപകുറിപ്പുകളും. ആമുഖക്കുറിപ്പ് കുഞ്ഞുമോൻ വായിക്കും. പിന്നെ ഓരോ കുറിപ്പുകൾ ഓരോ ഗ്രൂപ്പിന്റെ ലീഡർമാരും. അൻവർ സാർ വന്ന് കുറിപ്പുകൾ പരിശോധിച്ചു. 'കൊള്ളാം, നല്ല കുറിപ്പുകൾ!' സാർ എല്ലാവരെയും അഭിനന്ദിച്ചു.

കുഞ്ഞുമോൻ ആമുഖക്കുറിപ്പ് വായിക്കാൻ തുടങ്ങി: ജൂൺ 5 ലോക പരിസ്ഥിതിദിനം. 1973 ലാണ് ഐക്യരാഷ്ട്രസഭ പരിസ്ഥിതിദിനം ആചരിക്കാൻ തുടങ്ങിയത്. മനുഷ്യർ പരിസ്ഥിതിക്കേൽപ്പിക്കുന്ന നാശം കണക്കിലെടുത്ത് അതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ഈ ദിനാചരണത്തിന്റെ ഉദ്ദേശ്യം. 'ഒരേയൊരു ഭൂമി' എന്നതായിരുന്നു അന്നത്തെ മുദ്രാവാക്യം. ഓരോ വർഷവും ഓരോ രാജ്യമാണ് ഈ ദിനാചരണത്തിന് ആതിഥ്യം വഹിക്കുന്നത്. 2025 ൽ റിപ്പബ്ലിക് ഓഫ് കൊറിയ, പ്രത്യേകിച്ച് ജെജു ദ്വീപാണ് ദിനാചരണത്തിന്റെ ആസ്ഥാനം. 'പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക' എന്നതാണ് ഇക്കൊല്ലത്തെ മുദ്രാവാക്യം.

കുഞ്ഞുമോൻ ആമുഖക്കുറിപ്പ് വായിച്ചുതീർത്തു. കുട്ടികൾ കൈയടിച്ച് അഭിനന്ദിച്ചു. തുടർന്ന് ഒന്നാം ഗ്രൂപ്പിന്റെ ലീഡർ അജ്മൽ കുറിപ്പ് വായിക്കാൻ തുടങ്ങി: 'മനുഷ്യരുടെ ആർത്തിയാണ് നമ്മുടെ പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിരുവിട്ട ജീവിതമാണ് ലോകത്തെങ്ങും മനുഷ്യസമൂഹം നയിക്കുന്നത്. ഈ സന്ദർഭത്തിൽ നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി വർഷങ്ങൾക്കു മുമ്പ് പറഞ്ഞ കാര്യം നാം ഓർമിച്ചേ പറ്റൂ. ഗാന്ധിജി പറഞ്ഞു: 'ഈ ഭൂമിയിൽ എല്ലാവർക്കും അവരുടെ ആവശ്യങ്ങൾ നിറ

## ജനാസു തുരങ്കം

രാജ്യത്തെ ഏറ്റവും നീളംകൂടിയ ജനാസു റെയിൽവേ തുരങ്കത്തിന്റെ നിർമാണം ഋഷികേശ്- കർണപ്രയാഗ് പദ്ധതിയിൽ പുരോഗമിക്കുന്നു. 14.58 കിലോമീറ്റർ നീളത്തിൽ ഇരട്ടത്തുരങ്കമാണ് നിർമിക്കുന്നത്. കാശ്മീരിലെ ഉധംപുർ- ശ്രീനഗർ- ബാരാമുള്ള



റെയിൽലിങ്കിന്റെ ഭാഗമായ 12.75 കിലോമീറ്റർ നീളമുള്ള തുരങ്കമാണ് നിലവിൽ ഇന്ത്യയിലുള്ള ഏറ്റവും നീളംകൂടിയ റെയിൽ തുരങ്കപാത.

വേറ്റാനുള്ളതുണ്ട്. എന്നാൽ, ആർത്തി പൂർത്തിയാക്കാൻ മാത്രമില്ല. മനുഷ്യരെല്ലാം ആർത്തിപൂണ്ട ജീവിതം നയിച്ചാൽ ഭൂമിക്കിനി അധികകാലം നിലനിൽക്കാനാവില്ല.'

അജ്മൽ വായിച്ചു കഴിഞ്ഞപ്പോഴേക്കും രണ്ടാം ഗ്രൂപ്പിന്റെ ലീഡർ ബുഹൈസ എഴുന്നേറ്റ് കുറിപ്പ് വായിച്ചു തുടങ്ങി: 'കൂട്ടുകാരേ, നാം ഉണർന്നേ പറ്റൂ. പരിസ്ഥിതി വിനാശത്തിലെ ഒന്നാമത്തെ വില്ലൻ പ്ലാസ്റ്റിക്കാണ്. പ്ലാസ്റ്റിക്കില്ലാത്ത ലോകം നമുക്ക് സങ്കൽപ്പിക്കാൻ പോലും വയ്യ. അതുകൊണ്ട് അതിന്റെ ഉപയോഗം കുറയ്ക്കുകയേ നിർവാഹമുള്ളൂ. പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക എന്നതാണല്ലോ ഇക്കൊല്ലത്തെ പരിസ്ഥിതി ദിന മുദ്രാവാക്യം. കണ്ടമാനം പ്ലാസ്റ്റിക് കവറുകളും മറ്റും വലിച്ചെറിയുന്നത് നാം അവസാനിപ്പിച്ചേ പറ്റൂ.'

ബുഹൈസ വായിച്ചു കഴിഞ്ഞ് ഇരുന്നപ്പോഴേക്കും മൂന്നാം ഗ്രൂപ്പ് ലീഡർ അരുൺ ചാടിയെണീറ്റ് കുറിപ്പ് വായിച്ചുതുടങ്ങി: 'കൂട്ടുകാരേ, എനിക്കും പറയാനുള്ളത് പ്ലാസ്റ്റിക്കിനെക്കുറിച്ചു തന്നെയാണ്. ഇന്നത്തെ അവസ്ഥ തുടരുകയാണെങ്കിൽ പ്ലാസ്റ്റിക് ഭൂമുഖത്തുനിന്ന് മനുഷ്യരെ തുടച്ചുനീക്കുന്ന അന്തകനായിത്തീരും. നാം കുടിക്കുന്ന വെള്ളത്തിലും കഴിക്കുന്ന ഭക്ഷണത്തിലും വിളയുന്ന ഫലങ്ങളിലുമെല്ലാം ഇന്ന് പ്ലാസ്റ്റിക് കലർന്നിരിക്കുന്നു. ഇത് നമ്മെ മാരകരോഗികളാക്കുന്നു. ക്യാൻസർ വ്യാപനത്തിന്റെ മുഖ്യകാരങ്ങളിലൊന്ന് നമ്മുടെ ശരീരത്തിലെത്തുന്ന പ്ലാസ്റ്റിക് അംശങ്ങളും അത് കത്തി

ക്കുമ്പോൾ ഉണ്ടാകുന്ന പുക യും മറ്റുമാണ്. അതുകൊണ്ട് ലോക ജനതയോടൊപ്പം നമുക്ക് വിളിച്ചു പറയാം: പ്ലാസ്റ്റിക്കിനെ തുരത്തൂ, മനുഷ്യരെ രക്ഷിക്കൂ.'

അപ്പോഴേക്കും നാലാം ഗ്രൂപ്പിലെ ജസ്സി കുറിപ്പുമായി മുന്നോട്ടുവന്നു വായിച്ചു തുടങ്ങി: 'കൂട്ടുകാരേ, നമ്മുടെ പരിസ്ഥിതിയുടെ താളം തെറ്റിക്കുന്നതിൽ നാം ഉണ്ടാക്കുന്ന മാലിന്യത്തിന്റെ പങ്ക് എത്രയോ വലുതാണ്. കരയിലും കടലിലും ആകാശത്തുമെല്ലാം മാലിന്യം നിറയ്ക്കുന്നവരായി മാറിയിരിക്കുന്നു നമ്മൾ. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളും ഗ്ലാസ്സുകളും പ്ലേറ്റുകളും പലതരം പായ്ക്കറ്റുകളും വസ്ത്രങ്ങളും ഭൂമിക്കു താങ്ങാൻ പറ്റാത്തത്ര വിപുലമാണ്. അതുകൊണ്ട് ഞങ്ങളുടെ ഗ്രൂപ്പിനു പറയാനുള്ളത് ഇത്തരം വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നാണ്. എന്നുമാത്രമല്ല, നാം ഉപയോഗിച്ചു കളയാനുദ്ദേശിക്കുന്ന വസ്ത്രങ്ങളും മറ്റും പുനരുപയോഗപ്പെടുത്താം. പുതിയ പുതിയ പലതുമുണ്ടാക്കാം. ഊർജ്ജ ഉപയോഗം കുറയ്ക്കാം. ഇങ്ങനെ പരിസ്ഥിതിയുടെ സുരക്ഷയ്ക്ക് പല കാര്യങ്ങൾ ചെയ്യാനുണ്ട് നമുക്ക്.'

ജസ്സിയുടെ കുറിപ്പ് വായിച്ചു കഴിഞ്ഞയുടനെ ബാസിൽ മുന്നോട്ടുവന്നു: 'ചങ്ങാതിമാരേ, പരിസ്ഥിതി സംരക്ഷണത്തിൽ മരങ്ങളുടെ പങ്ക് എല്ലാവർക്കും അറിയാമല്ലോ. നമുക്ക് ശുദ്ധവായു ലഭിക്കാൻ, അന്തരീക്ഷത്തിൽ തണുപ്പ് വിതറാൻ, മണ്ണൊലിപ്പ് തടയാൻ, കോടിക്കണക്കിന് ജീവജാലങ്ങൾക്ക് ആഹാരവും അഭയവും നൽകാൻ ഭൂമിയിൽ മരങ്ങൾ വേണം. മരങ്ങളില്ലെങ്കിൽ ഭൂമിയിൽ നമുക്കും മറ്റു ജീവജാലങ്ങൾക്കും ജീവിക്കാനാവില്ല. അതുകൊണ്ട് ഈ പരിസ്ഥിതിദിനത്തിൽ നാം ഓരോരുത്തരും ഓരോ മരമെങ്കിലും നട്ടുപിടിപ്പിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.'

ബാസിൽ വായന നിർത്തിയതോടെ അൻവർസാർ മുന്നോട്ടുവന്നു പറഞ്ഞു: 'മക്കളേ, ഗംഭീരം! നിങ്ങൾ ഓരോ ഗ്രൂപ്പും അവതരിപ്പിച്ച കുറിപ്പുകൾ അതിഗംഭീരം! നമുക്കിനി അവയെക്കുറിച്ച് ചർച്ച ചെയ്യാം.'


ഹോജ
ആദ്യമായി കടൽ കാണുകയാണ് ഹോജ.
ഹായ്, നീലനിറം, മനോഹരമായ തിരമാലകൾ. കടൽ ഒരു സുന്ദരി തന്നെ!
കടലിലെ വെള്ളം അല്പം കുടിച്ചു നോക്കിയാലോ?
വെള്ളം കുടിച്ചതും,
ഹയ്യോ, ഉപ്പുവെള്ളം! കാറിയിട്ടു വയ്യ!
ഉടനെ ഹോജ തന്റെ സഞ്ചിയിൽ നിന്ന് അല്പം കുടിവെള്ളമെടുത്ത് കടലിലേക്ക് ഒഴിച്ചു.
കാഴ്ചയിൽ നീ സുന്ദരി തന്നെ. പക്ഷേ, ശുദ്ധജലത്തിന്റെ രുചി ഇതുവരെ നീ അറിഞ്ഞിട്ടില്ല. ഇതൊന്നു കുടിച്ചു നോക്കൂ.



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 3

# ആന്ധ്രപ്രദേശ്

- തലസ്ഥാനം: അമരാവതി
- ജനസംഖ്യ: 4,93,86,799
- ജനസാന്ദ്രത: 308/ച.കി.മീ
- സാക്ഷരത: 67.41%
- ഭാഷ: തെലുങ്ക്
- വിസ്തീർണം: 1,60,205 ച.കി.മീ
- സ്ത്രീപുരുഷ അനുപാതം: 996/1000
- ലോക്സഭാ സീറ്റുകൾ: 25
- രാജ്യസഭാ സീറ്റുകൾ: 11
- അസംബ്ലി സീറ്റുകൾ: 175

### ചരിത്രം

1. 1956ലെ പുനഃസംഘടനാ ആക്ട് പ്രകാരം (ഹൈദരാബാദ്, ആന്ധ്രാ സ്റ്റേറ്റുകൾ ചേർത്ത്) 1956 നവംബർ ഒന്നിന് നിലവിൽവന്നു.
2. 2013ൽ ആന്ധ്രപ്രദേശിനെ വിഭജിക്കാൻ മന്ത്രിസഭാനുമതി ലഭിച്ചു.
3. 2014 ജൂൺ രണ്ടിന് പുതിയ ആന്ധപ്രദേശ് സംസ്ഥാനം നിലവിൽ വന്നു.
4. ആന്ധ്രപ്രദേശ് പുനഃസംഘടനാ ആക്ട് പ്രകാരം 2024 വരെ തെലങ്കാനയുടെയും ആന്ധ്രപ്രദേശിന്റെയും സംയുക്ത തലസ്ഥാനം ഹൈദരാബാദായിരുന്നു.

**ജില്ലകൾ:** 1. അനന്തപുർ, 2. ചിത്തൂർ, 3. വൈ.എസ്.ആർ കഡപ്പ, 4. കുർണൂൽ, 5. ഈസ്റ്റ് ഗോദാവരി, 6. ഗുണ്ടൂർ, 7. കൃഷ്ണ, 8. ശ്രീപോട്ടി ശ്രീരാമലു നെല്ലൂർ, 9. പ്രകാശം, 10. ശ്രീകാകുളം, 11. വിശാഖപട്ടണം, 12. വിജയനഗരം (വിസിയനഗരം), 13 വെസ്റ്റ് ഗോദാവരി, 14. പാർവതിപുരം മന്യം, 15. അല്ലൂരി സീതാരാമ രാജ, 16. എൻ.ടി. ആർ, 17. അനകപള്ളി, 18. കോനസീമ, 19. ഏലൂരു, 20. ബപാത്‌ല, 21. പൽനാടു, 22. നന്ദ്യാൽ, 23. ശ്രീസത്യസായി, 24. കാക്കിനഡ, 25. അന്നമയ്യ, 26. തിരുപ്പതി

**അതിർത്തികൾ :**

**കിഴക്ക്**– ബംഗാൾ ഉൾക്കടൽ
**തെക്ക്**– തമിഴ്നാട്
**പടിഞ്ഞാറ്**– തെലങ്കാന, കർണാടക
**വടക്ക്**– ഛത്തീസ്ഗഢ്
**വടക്കുകിഴക്ക്**– ഒഡീഷ

**സംസ്ഥാന പുഷ്പം**
ജാസ്മിൻ

**സംസ്ഥാന വൃക്ഷം**
വേപ്പ്

**സംസ്ഥാന പക്ഷി**
ഇന്ത്യൻ റോളർ

**സംസ്ഥാന മൃഗം**
കൃഷ്ണമൃഗം

# കർഷകനും ചെന്നായയും


ഒരു കർഷകൻ കൃഷിയിടം ഉഴുതുമറിക്കുകയായിരുന്നു. അപ്പോ
ഴാണ് അതുവഴി ഒരു ചെന്നായ വന്നത്
ആ കർഷകൻ എന്തോ സങ്കടത്തിലാണെന്നു തോന്നുന്നു.
എന്തുപറ്റി സുഹൃത്തേ?
ഒരു സിംഹം കഴിഞ്ഞമാസം എന്റെ ഒരു കാളയെ പിടിച്ചുകൊണ്ടുപോയി.
അടുത്തമാസവും അവൻ വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഏത് നിമിഷവും അവൻ വരാം.
മറ്റൊരു കാളയെ വാങ്ങാനുള്ള ശേഷി എനിക്കില്ല.
എന്നാൽ ഞാനൊരു വിദ്യ പറഞ്ഞുതരാം.


ദിവസങ്ങൾക്കുശേഷം സിംഹം വന്നു.
എനിക്കീ കാളയെ വേണം. തന്നില്ലെങ്കിൽ... അറിയാമല്ലോ.
പെട്ടെന്ന്, അപ്പുറത്തെ കുറ്റിക്കാട്ടിൽ നിന്ന്:
മണ്ണിന്റെ പുത്രാ, ആരാണ് നിന്നോട് സംസാരിക്കുന്നത്?
ങേ! ആരാണത്?
ഒരു മാന്ത്രിക ശബ്ദം പോലുണ്ടല്ലോ.
ങേ! മാന്ത്രിക ശബ്ദമോ?


തക്കം നോക്കി കർഷകൻ ചെടികൾക്കിടയിൽ ഒളിപ്പിച്ചുവെച്ച മുട്ടൻ വടിയെടുത്ത് ഒറ്റയടി!
പേടിച്ചരണ്ട സിംഹം കാട്ടിലേക്ക് ഓടിപ്പോയി.
സിംഹം പോയതും, കുറ്റിച്ചെടികൾക്കിടയിൽ ഒളിച്ചിരുന്ന ചെന്നായ പുറത്തുവന്നു.
എങ്ങനെയുണ്ട് എന്റെ വിദ്യ? മണ്ടൻ സിംഹം ഞാൻ മാന്ത്രികനാണെന്ന് വിചാരിച്ചു.
ഇനി അവൻ ഇതുവഴി വരില്ല. ഇനി എനിക്കുള്ള പ്രതിഫലം തന്നോളൂ.
ങേ, പ്രതിഫലമോ?


അതേ. എനിക്ക് മാസത്തിൽ ഒരു ആടിനെ തന്നാൽ മതി.
ഒരു ആടിനെയോ?
അതേ, വേഗം കൊണ്ടുവരൂ.
കർഷകൻ വീട്ടിൽ ചെന്ന് ഭാര്യയോട് സംഭവം പറഞ്ഞു.
ചെന്നായക്കു പ്രതിഫലം ഒരാടോ? അതും എല്ലാ മാസവും?
അതേ. വേഗം ഒരാടിനെ ചാക്കിലിട്ടു തരൂ. ഇല്ലെങ്കിൽ അവൻ കാര്യങ്ങളെല്ലാം സിംഹത്തോട് പോയി പറയും.
ഒരു വിദ്യയുണ്ട്.
അല്പം കഴിഞ്ഞ്,
ഇതാ, ചെന്നായക്കുള്ള പ്രതിഫലം റെഡി!


കർഷകൻ അതുമായി ചെന്നായയ്ക്കടുത്തെത്തി.
എനിക്കുള്ള പ്രതിഫലമാണോ?
അതേ!
ഇനി ഞാൻ പാടത്തേക്ക് പൊയ്ക്കോട്ടെ?
അതിനെന്താ പൊയ്ക്കോളൂ.
കർഷകൻ മുറുക്കി കെട്ടിയതു കാരണം ചാക്ക് തുറക്കാൻ ചെന്നായക്ക് അല്പം സമയം വേണ്ടിവന്നു.
ഹഹ! ഇന്നത്തെ സദ്യ കുശാലായി.


ചാക്ക് തുറന്നതും,


ഹയ്യോ, രക്ഷിക്കണേ! (


ഹഹ! ഇനി ചെന്നായയും സിം ഹവും ഇതുവഴി വരില്ല.

## സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ

മുഹ്സിൻ കളത്തിൽകുണ്ട്



# ഹൈദരലി

മൈസൂർ കടുവ എന്ന പേരിൽ പ്രസിദ്ധനായ ടിപ്പുസുൽത്താന്റെ പിതാവാണ് ഹൈദരലി. ധീരനും കൗശലക്കാരനും കഠിനാധ്വാനിയും മികച്ച സൈനികനുമായിരുന്നു അദ്ദേഹം. മുഗൾരാജാവായിരുന്ന ഫത്ഹ് മുഹമ്മദിന്റെയും റസിയബായിയുടെയും മകനായി 1721ൽ ബുദിക്കോട്ടിലാണ് ഹൈദരലി ജനിച്ചത്.

ഫ്രഞ്ചുകാർക്കെതിരെ 1749ൽ മൈസൂരിലെ ദേവനഹള്ളിയിൽ നടന്ന യുദ്ധത്തിലാണദ്ദേഹം ആദ്യമായി സൈനികവേഷമണിഞ്ഞത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആർക്കോട്ട് നവാബിന്റെ സൈന്യം ഫ്രഞ്ചുകാർക്കെതിരെ അത്ഭുതകരമായ വിജയം നേടി. പിന്നീട് മൈസൂർ സൈന്യത്തിന്റെ കമാൻഡർ ഇൻ ചീഫ് എന്ന നിലയിൽ ഹൈദരലി ഒന്നിനുപുറകെ ഒന്നായി മികച്ച വിജയങ്ങൾ നേടി. ഇതിൽ സന്തുഷ്ടനായ മൈസൂർ ഭരണാധികാരി ഹൈദരലിയെ ദിണ്ടിഗലിലെ ഫൗജ്ദാറായി നിയമിച്ചു. ഫ്രഞ്ചുകാരുടെ പിന്തുണയോടെ അവിടെ അദ്ദേഹം ശക്തമായൊരു സൈന്യമുണ്ടാക്കി. 1761ൽ അദ്ദേഹം മൈസൂരിന്റെ രാജാവായി മാറി.

തുടർന്നാണ് ആംഗ്ലോ-മൈസൂർ യുദ്ധം ആരംഭിച്ചത്. ഹൈദരലിയുടെ കീഴിൽ മൈസൂർ സാമ്രാജ്യം വികസിക്കുന്നതിൽ ആശങ്കാകുലരായ ഹൈദരാബാദ് നൈസാമും മറാത്തകളും 1766 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ഒരു ഉടമ്പടിയിൽ ഒപ്പു

വച്ചു. ഉടമ്പടി പ്രകാരം കമ്പനിക്ക് കീഴടങ്ങാൻ നൈസാം സമ്മതിച്ചതോടെ ബ്രിട്ടീഷുകാർ സൈന്യത്തെ നൽകി ഹൈദരലിക്കെതിരെ നൈസാമിനെ സഹായിച്ചു.

ദക്ഷിണേന്ത്യയിലെ തങ്ങളുടെ രാഷ്ട്രീയ, വാണിജ്യതാൽപ്പര്യങ്ങൾക്ക് ഭീഷണിയായതിനാൽ ഹൈദരലിയുടെ മുന്നേറ്റം ബ്രിട്ടീഷുകാരെയും അലട്ടിയിരുന്നു. അങ്ങനെ ബ്രിട്ടീഷുകാരും ഹൈദരാബാദിലെ നൈസാമും മറാത്തകളും ചേർന്ന് ഹൈദരലിക്കെതിരെ ഒരു ത്രികക്ഷി സഖ്യം സ്ഥാപിച്ചു. എന്നാൽ തന്ത്രശാലിയായ ഹൈദരലി ഈ സഖ്യം തകർത്തു. നൈസാമിനൊപ്പം അദ്ദേഹം ആദ്യം ആർക്കോട്ടിനെതിരെയും പിന്നീട് ഇംഗ്ലീഷുകാർക്കെതിരെയും പടനയിച്ചു. അതോടെ ഇംഗ്ലീഷുകാർ 1769 ഏപ്രിൽ 4 ന് മദ്രാസ് ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ നിർബന്ധിതരായി. ഒന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിലെ വിജയം അദ്ദേഹത്തിന്റെ നിർണായകമായ നേട്ടങ്ങളിലൊന്നാണ്.

1780 ൽ പോളിലൂർ യുദ്ധത്തിൽ ടിപ്പുവിന്റെ നേതൃത്വത്തിലുള്ള സൈന്യം കേണൽ ബെയ്‌ലിയെ കീഴടക്കിയതോടെയാണ് രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധം ആരംഭിച്ചത്. 1782 ഫെബ്രുവരിയിൽ ടിപ്പുവിന്റെ നേതൃത്വത്തിലുള്ള സൈന്യം ബ്രിട്ടീഷ് കമാൻഡറായ കേണൽ ജോൺ ബ്രാത്‌വെയ്റ്റിന്റെ സൈന്യത്തെ പരാജയപ്പെടുത്തി. രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധത്തിനിടയിൽ അസുഖബാധിതനായി ഗുരുതരാവസ്ഥയിലായ ഹൈദരലി 1782 ഡിസംബർ 7 ന് ആന്ധ്രപ്രദേശിലെ ചിറ്റൂരിൽ വെച്ച് മരണപ്പെട്ടു.

അതോടെ ടിപ്പു സുൽത്താൻ മൈസൂരിലെ ഭരണാധികാരിയായി. 1784 മാർച്ചിൽ മംഗലാപുരം ഉടമ്പടിയോടെ രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധം അവസാനിച്ചു. മറാത്തകളുമായും നൈസാമുമായും വീണ്ടും സഖ്യമുണ്ടാക്കിയ ബ്രിട്ടീഷുകാർ നാലാം ആംഗ്ലോ-മൈസൂർ യുദ്ധത്തിൽ ടിപ്പു സുൽത്താനെ പരാജയപ്പെടുത്തിയതോടെ മൈസൂർ സുൽത്താനേറ്റിന്റെ അന്ത്യം കുറിച്ചു. അധിനിവേശശക്തികൾക്കെതിരെയുള്ള പോരാട്ടചരിത്രത്തിൽ ആ പിതാവിന്റെയും മകന്റെയും ഓർമ്മകൾ എന്നും വിസ്മയിപ്പിക്കുന്നതാണ്.



മനാസ്വിർ പട്‌ല

# ഹജ്ജിലെ പവിത്രസ്ഥലങ്ങൾ

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണല്ലോ ഹജ്ജ്കർമ്മം. ഹജ്ജ്‌വേളയിൽ ആരാധനകൾക്ക് പതിന്മടങ്ങ് പ്രതിഫലം ലഭിക്കുന്ന, പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്ന നിരവധി സ്ഥലങ്ങളുണ്ട്. അവയിൽ ചിലത് പരിചയപ്പെടാം.

## മത്വാഫ്

മസ്ജിദുൽഹറാമിൽ കഅ്ബക്ക് ചുറ്റുമുള്ള സ്ഥലമാണിത്. ഹജ്ജിന്റെയും ഉംറയുടെയും ഭാഗമായി തീർത്ഥാടകർ ഇവിടെ ത്വവാഫ് ചെയ്യുന്നു. മസ്ജിദുൽഹറാമിൽ പ്രവേശിച്ചാൽ ആദ്യം ത്വവാഫ് ചെയ്യലാണ് സുന്നത്ത്.

## മുൽതസം

കഅ്ബയുടെ തെക്കുകിഴക്ക് മൂലക്കും കിഴക്കുഭാഗത്തെ വാതിലിനുമിടയിലുള്ള സ്ഥലമാണിത്. ജനങ്ങൾ തിങ്ങിനിറഞ്ഞു ദുആ ചെയ്യുന്ന ഇടമായതുകൊണ്ടാണ് ഈ സ്ഥലത്തിന് ‘ആളൊഴിയാത്തയിടം’ എന്നർത്ഥമുള്ള ‘മുൽതസം’ എന്ന പേരു ലഭിച്ചത്.

## മീസാബ്

കഅ്ബാശരീഫിന്റെ മേൽക്കൂരയിൽ നിന്നു വെള്ളം താഴോട്ട് ഒഴുകുന്നതിനായി സ്ഥാപിച്ച പാത്തിയാണ് മീസാബ്. പടിഞ്ഞാറെ ഭിത്തിക്കു മുകളിൽ ഹിജ്റ് ഇസ്മാഈലിലേക്ക് വെള്ളം പതിക്കുന്ന രൂപത്തിലാണ് മീസാബുള്ളത്. ഹി. 1276 ൽ സുൽത്താൻ അബ്ദുൽമജീദാണ് ഈ പാത്തി സ്വർണം കൊണ്ടു പണികഴിപ്പിച്ചത്.

## മഖാമു ഇബ്റാഹീം

കഅ്ബയുടെ സമീപത്തുള്ള പുണ്യസ്ഥാനമാണിത്. കഅ്ബയുടെ നിർമ്മാണവേളയിൽ ഇബ്റാഹീം നബി(അ) കയറി നിന്ന ഒരു കല്ലാണിത്.

## അറഫ

കഅ്ബാശരീഫിന്റെ കിഴക്കു

ഭാഗത്ത് ഹറമിനു പുറത്ത് സ്ഥിതി ചെയ്യുന്ന, മൂന്നു വശങ്ങളും പർവതങ്ങളാൽ ചുറ്റപ്പെട്ട മൈതാനമാണ് അറഫ. മക്കയിൽ നിന്ന് 25 കിലോമീറ്ററാണ് അറഫയിലേക്കുള്ള ദൂരം. അറഫയിൽ നിൽക്കലാണ് ഹജ്ജിന്റെ മർമ്മം.

## മുസ്ദലിഫ

അറഫയുടെയും മിനായുടെയും ഇടയിലുള്ള സ്ഥലമാണ് മുസ്ദലിഫ. മിനായിൽ നിന്ന് മൂന്ന് കിലോമീറ്റർ കിഴക്കായി സ്ഥിതി ചെയ്യുന്നു. പെരുന്നാൾ ദിവസം ജംറതുൽ അഖബയെ എറിയാനുള്ള കല്ലുകൾ ഇവിടെ നിന്നു ശേഖരിക്കൽ സുന്നത്തുണ്ട്.

## മിനാ

കഅ്ബാശരീഫിന്റെ കിഴക്കു ഭാഗത്ത് ഏകദേശം ആറു കിലോമീറ്റർ ദൂരത്താണ് മിനാ താഴ്‌വര സ്ഥിതിചെയ്യുന്നത്. ഇബ്‌റാഹീംനബി(അ) മകനായ ഇസ്മാഈൽനബി(അ)നെ ബലിയറുക്കാൻ കൊണ്ടുപോയത് ഇവിടേക്കാണ്.

## ജംറത്തുൽ ഊലാ, വുസ്ത്വാ

മിനായിലെ മസ്ജിദുൽ ഖൈഫിന്റെ തൊട്ടടുത്തുള്ള ജംറയാണ് ജംറതുൽ ഊലാ. അയ്യാമുത്തശ്‌രീഖിന്റെ മൂന്ന് ദിവസങ്ങളിലും ആദ്യം കല്ലെറിയുന്നത് ഇവിടെയാണ്. അയ്യാമുത്തശ്‌രീഖിന്റെ ദിവസങ്ങളിൽ രണ്ടാമതു കല്ലെറിയുന്ന സ്ഥലമാണ് ജംറതുൽ വുസ്ത്വാ.

## സ്വഫാ മർവ

കഅ്ബയുടെ കിഴക്കു ഭാഗത്തുള്ള രണ്ട് ചെറിയ കുന്നുകളാണിവ. സ്വഫയിൽ നിന്ന് കിഴക്കു









വടക്ക് 395 മീറ്റർ അകലെയാണ് മർവ. മഹതി ഹാജറ(റ) തന്റെ കുഞ്ഞിനു ജലമന്വേഷിച്ച് ഈ രണ്ടു കുന്നുകളും ഏഴു പ്രാവശ്യം കയറിയിറങ്ങിയിരുന്നു. ഹജ്ജിന്റെയും ഉംറയുടെയും പ്രധാന കർമ്മമായ സഅ്യ് നടക്കുന്ന സ്ഥലമാണിത്.

## സംസം കിണർ

സംസം കിണർ സ്ഥിതി ചെയ്യുന്നത് മത്വാഫിലാണ്. 30 മീറ്റർ ആഴവും 11.08 മീറ്റർ വീതിയുമുള്ള സംസം കിണർ ഒരു സെക്കന്റിൽ 8000 ലിറ്റർ വെള്ളവും മണിക്കൂറിൽ 2,88,00000 ലിറ്റർ വെള്ളവുമാണ് പമ്പ് ചെയ്തു കൊണ്ടിരിക്കുന്നത്.

## മശ്അറുൽ ഹറാം

മുസ്ദലിഫയിൽ നിന്ന് മിനയിലേക്ക് പോകുന്ന വഴിയിലുള്ള ഒരു കുന്നാണ് മശ്അറുൽ ഹറാം.

## മസ്ആ

സ്വഫാ-മർവാ കുന്നുകളുടെ ഇടയിലുള്ള സ്ഥലമാണ് മസ്ആ. ഹി.1339-ൽ ശരീഫ് ഹുസൈൻ എന്ന ഭരണാധികാരിയാണ് മസ്ആക്കു മുകളിൽ മേൽക്കൂര പണിതത്.

## ഹിജ്ർ ഇസ്മാഈൽ

കഅ്ബയുടെ വടക്കുഭാഗത്ത് ചുറ്റുമതിൽ കെട്ടിയ സ്ഥലമാണ് ഹിജ്ർ ഇസ്മാഈൽ. കഅ്ബയുടെ ഭാഗമായ ഈ സ്ഥലം വെളുത്ത മാർബിളിലാണ് നിർമ്മിച്ചിരിക്കുന്നത്.

## റുക്നുൽ യമാനി

കഅ്ബയുടെ തെക്കുപടിഞ്ഞാറ് മൂലയാണ് റുക്നുൽ യമാനി എന്നറിയപ്പെടുന്നത്. കഅ്ബയുടെ യമൻ ഭാഗത്തേക്കുള്ള ഈ മൂലയെ തൊട്ടു മുത്തൽ സുന്നത്താണ്.

സമസ്ത ചരിത്രം - 20

# എ.സി.എസ് ബീരാൻ മുസ്‌ലിയാർ

റൈഹാൻ

എ.സി.എസ് ബീരാൻ മുസ്‌ലിയാരെക്കുറിച്ചു കേട്ടിട്ടുണ്ടോ നിങ്ങൾ? ഇല്ലെങ്കിൽ നിർബന്ധമായും കേൾക്കുകയും അറിയുകയും ചെയ്യേണ്ട മഹാന്മാരിൽ ഒരാളാണദ്ദേഹം. സമസ്തയുടെയോ സുന്നി സംഘടനകളുടെയോ ആധികാരിക പദവികളിലൊന്നും ആ പേര് ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നാൽ, കേരളത്തിലെ സുന്നി സംഘടനകളുടെയും സ്ഥാപനങ്ങളുടെയുമൊക്കെ പിന്നിൽ ബീരാൻ മുസ്‌ലിയാരുണ്ട്. അദ്ദേഹമൊഴുക്കിയ വിയർപ്പിന്റെ ഗന്ധം നമ്മുടെ മദ്റസകളിലും സംഘടനകളിലുമൊക്കെ ഇന്നുമുണ്ട്. നിങ്ങൾക്കറിയാമോ, കേരളത്തിൽ മൂവായിരത്തോളം സുന്നി യുവജന സംഘത്തിന്റെ കമ്മിറ്റികൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് രൂപീകരിക്കപ്പെട്ടത്. അപ്പോൾ ആ മഹാന്റെ മഹത്വം ഊഹിക്കാമല്ലോ.

മലപ്പുറം ജില്ലയിലെ പാങ്ങിലാണ് 1942 ൽ ബീരാൻ മുസ്‌ലിയാർ ജനിച്ചത്. അകായിൽ ചോലക്കൽ കുഞ്ഞയമ്മു എന്നിവരുടെയും പാറമ്മൽ ഇയ്യാത്തു എന്നവരുടെയും മകനാണ്. കുട്ടിക്കാലത്തൊക്കെ എ.സി. ബീരാൻ എന്നാണറിയപ്പെട്ടിരുന്നത്. പിന്നെ എങ്ങനെ പേരിൽ ഒരു എസ് കൂടി വന്നതെന്നല്ലേ? പേരുകേട്ട മത പ്രഭാഷകനായിരുന്നു ബീരാൻ മുസ്‌ലിയാർ. പത്തും നാല്പതും ദിവസമൊക്കെ ഒരു നാട്ടിൽ തന്നെ വഅള് പറയും. അങ്ങനെ കോട്ടനാട് എന്ന സ്ഥലത്ത് നടന്ന നാല്പതു ദിവസത്തെ വഅളിന്റെ സമാപനത്തിൽ പൊന്നാനി വലിയ ജാറത്തിലെ വി.എസ്.എ ചെറുകോയ തങ്ങളും



പങ്കെടുത്തിരുന്നു. അദ്ദേഹം ബീരാൻ മുസ്‌ലിയാർ ദീനിനു ചെയ്യുന്ന വലിയ സേവനത്തെ പ്രശംസിച്ചുകൊണ്ട് ദീനിന്റെ ശറഫാണീ മനുഷ്യൻ എന്നു പറഞ്ഞു. അന്നുമുതൽ ബീരാൻ മുസ്‌ലിയാർ, ശറഫുദ്ദീൻ ബീരാൻ മുസ്‌ലിയാർ എന്നറിയപ്പെട്ടു. അത് ചുരുങ്ങി എ.സി.എസ് ബീരാൻ മുസ്‌ലിയാർ എന്നായതാണ്.

പേരു പോലെ തന്നെ ബീരാൻ മുസ്‌ലിയാരുടെ വേഷവും പുതുമയുള്ളതാണ്. മറ്റു പണ്ഡിതരെപ്പോലെ അദ്ദേഹം തലപ്പാവണിയാറുണ്ടായിരുന്നില്ല. ഉയരം കൂടിയ ഒരുതരം കളർ തൊപ്പിയാണ് ധരിച്ചിരുന്നത്; ഉച്ചിയിൽ കിന്നരിച്ചെണ്ടുള്ള തുർക്കിത്തൊപ്പി. ചിലപ്പോൾ അതിനെ ചുറ്റി ഒരു തലപ്പാവുമുണ്ടാവും. പിന്നെ ഇറക്കം കൂടിയ ഒരു കോട്ടും. വെള്ളയിൽ കള്ളിയുള്ള തുണിയുമുടുക്കും. തികച്ചും വ്യത്യസ്തനായ ഒരാൾ!

പാങ്ങിൽ അഹ്‌മദ് കുട്ടി മുസ്‌ലിയാരുടെയും പിച്ചൻ അബ്ദുൽ അസീസ് മുസ്‌ലിയാരുടെയുമൊക്കെ ശിഷ്യനായി പത്തുപതിനാലു കൊല്ലം ഓതിപ്പഠിച്ച വലിയ പണ്ഡിതനാണ്. പഠനകാലത്തു തന്നെ വിവാഹം കഴിച്ചു. പിതാവ് മരണപ്പെട്ടതോടെ കുടുംബഭാരം ബീരാൻ മുസ്‌ലിയാരുടെ തലയിലായി. കച്ചവടത്തിലിറങ്ങിയെങ്കിലും മെച്ചപ്പെട്ടില്ല.

പിന്നെ പ്രഭാഷണവുമായി നാടു ചുറ്റാൻ തുടങ്ങി. വെറുതെയുള്ള പ്രഭാഷണമല്ല; ജനങ്ങളെ നന്നാക്കാനുള്ള വഅള് തന്നെ. അന്ന് ജനങ്ങൾക്കൊന്നും വലിയ വിവരമില്ലായിരുന്നു. നിസ്കരിക്കാനും നോമ്പ് നോൽക്കാനുമൊന്നും അറിഞ്ഞുകൂടാത്ത, പേരുകൊണ്ടു മാത്രം മുസ്‌ലിമായ ധാരാളം പേരുണ്ടായിരുന്നു. അവരെയൊക്കെ നന്നാക്കാനായിരുന്നു വഅള്. വഅള് പറഞ്ഞു പണമുണ്ടാക്കി അവരുടെ നാടുകളിൽ പള്ളിയും മദ്റസയുമുണ്ടാക്കിക്കൊടുത്തു. കിട്ടുന്നതിൽ ഒരോഹരി പാവപ്പെട്ടവർക്കായി വീതിച്ചു കൊടുത്തു.

ഊണും ഉറക്കവുമില്ലാതെയായിരുന്നു ബീരാൻ മുസ്‌ലിയാരുടെ സഞ്ചാരം. കേരളത്തിനു പുറമെ കർണാടകയിലും തമിഴ്നാട്ടിലുമൊക്കെയെത്തി അദ്ദേഹം. എവിടെപ്പോയാലും ജനങ്ങളെ സുന്നത്ത് ജമാഅത്തിലേക്ക് നയിക്കാനായിരുന്നു അധ്വാനം മുഴുവൻ. പുത്തൻവാദികളോട് കടുത്ത എതിർപ്പായിരുന്നു.

1970 ൽ ബീരാൻ മുസ്‌ലിയാരെ സമസ്ത മുബല്ലിഗായി നിയമിച്ചു. സുന്നത്ത് ജമാഅത്തിന്റെയും സമസ്തയുടെയും ആശയാദർശങ്ങൾ ജനങ്ങൾക്കെത്തിച്ചു കൊടുക്കുന്ന മുബല്ലിഗ്. സമസ്ത ആ പദവി നൽകി നിയമിക്കുന്നതിന് ഇരുപത്തഞ്ചു കൊല്ലം മുമ്പും ബീരാൻ മുസ്‌ലിയാർ ഇക്കാര്യം തന്നെയായിരുന്നല്ലോ ചെയ്തിരുന്നത്. നമ്മുടെ നാടുകളിൽ കാണുന്ന മദ്റസകളൊക്കെ സ്ഥാപിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കാൻ ബീരാൻ മുസ്‌ലിയാർ ചെയ്ത അധ്വാനം കുറച്ചൊന്നുമല്ല. ഇന്നത്തെപ്പോലെ വാഹനസൗകര്യമൊന്നും ഇല്ലാതിരുന്ന അക്കാലത്ത് കാൽനടയായി സഞ്ചരിച്ചായിരുന്നു ഓരോ ഗ്രാമത്തിലും അദ്ദേഹം എത്തിയിരുന്നത്.

അങ്ങേയറ്റം വിനയാന്വിതനും രസികനുമായിരുന്ന ആ മഹാപണ്ഡിതനെ സുന്നി കേരളം എക്കാലവും നന്ദിയോടെ ഓർക്കേണ്ടതുണ്ട്. 1996 ലായിരുന്നു അദ്ദേഹത്തിന്റെ വിയോഗം.

# ക്ഷീരവിപ്ലവം

## ജൂൺ ഒന്ന് – ലോക ക്ഷീരദിനം

അനു മഞ്ഞപ്പറ്റ

യു.എൻ ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ ആഹ്വാനപ്രകാരം ക്ഷീരമേഖലയുടെ പ്രാധാന്യം മനസ്സിലാക്കാൻ 2001 മുതൽ ലോകക്ഷീരദിനം ആഘോഷിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ പാലുൽപാദിപ്പിക്കുന്ന രാജ്യമേതാണെന്നറിയാമോ? നമ്മുടെ ഇന്ത്യ തന്നെ! ആഗോള പാലുൽപാദനത്തിൽ 23 ശതമാനമാണ് ഇന്ത്യയുടെ പങ്ക്. ഏറ്റവും വലിയ പാലുൽപാദക രാജ്യമാക്കി ഇന്ത്യയെ മാറ്റിയത് ധവളവിപ്ലവമാണ്. 1965-ൽ രൂപീകരിച്ച നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ഓപ്പറേഷൻ ഫ്ളഡ്' എന്ന ഗ്രാമവികസന പദ്ധതിയാണ് ധവളവിപ്ലവത്തിന് തുടക്കം കുറിച്ചത്. ഗ്രാമങ്ങളിൽ ഉല്പാദിപ്പിക്കുന്ന പാൽ വിപണനശൃംഖല വഴി നഗരങ്ങളിലെത്തിയതോടെ ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭിച്ചു. കഴിഞ്ഞ വർഷം 239.30 ദശലക്ഷം ടൺ പാലാണ് ഇന്ത്യ ഉൽപാദിപ്പിച്ചത്.

### ഇന്ത്യയുടെ പാൽക്കാരൻ

നമ്മുടെ രാജ്യത്ത് പാലുൽപാദനത്തിലും പാലുകൊണ്ട് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലും മുന്നിൽ നിൽക്കുന്ന ബ്രാൻഡാണ് അമുൽ. ഗുജറാത്തിലെ ആനന്ദ് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ച അമുൽ ഇന്ത്യയുടെ

എല്ലാ ഭാഗങ്ങളിലേക്കും അതിവേഗം പടർന്നു. കോഴിക്കോട് ജനിച്ച ഒരു മലയാളി എഞ്ചിനീയറായിരുന്നു അമുലിന്റെ ഈ വളർച്ചക്കു പിന്നിലെ മുഖ്യ സൂത്രധാരൻ. പേര് വർഗീസ് കുര്യൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അമുൽ നടത്തിയ മുന്നേറ്റമാണ് പിന്നീട് കേരളത്തിലെ മിൽമയുടെ പിറവിക്കു പ്രചോദനമായത്.

നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ ആദ്യ ചെയർമാനായിരുന്ന ഡോ. വർഗീസ് കുര്യൻ ഇന്ത്യയിലെ ധവളവിപ്ലവത്തിന്റെ പിതാവായി അറിയപ്പെടുന്നു. 1921 നവംബർ 26ന് കോഴിക്കോട് ജില്ലയിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. അന്ന് ബ്രിട്ടീഷ് കൊച്ചിയിൽ സിവിൽ സർജനായിരുന്നു പിതാവ് കുര്യൻ. ചെന്നൈയിലെ ലയോള കോളേജിൽ നിന്ന് ഫിസിക്സിൽ ബിരുദവും ഗിണ്ടി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി.

1945 ൽ ഇന്ത്യയിലെ യുവഎഞ്ചിനീയർമാരെ യുദ്ധാനന്തര നിർമ്മാണ ജോലിയിൽ വൈദഗ്ധ്യം നേടാനായി അമേരിക്കയിലും ഇംഗ്ലണ്ടിലും അയച്ച് പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ചു. ഡയറി എൻജിനീയറിങ്ങിലാണ് വർഗീസ് കുര്യന് പ്രവേശനം ലഭിച്ചത്. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി.

അമേരിക്കയിൽ പഠനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങിയെ



ത്തിയ വർഗീസ് കുര്യൻ ഗുജറാത്തിലെ ആനന്ദിൽ പ്രവർത്തിച്ചിരുന്ന സർക്കാർ ക്രീമറിയിൽ നിയമിക്കപ്പെട്ടു. അവിടെ അദ്ദേഹം തുടങ്ങിവെച്ച ക്ഷീര സഹകരണ സംഘത്തിന്റെ മാതൃകയിൽ ഇന്ത്യയിലെങ്ങും ക്ഷീര സഹകരണ സംഘങ്ങൾ നിലവിൽ വന്നു. അവ ആനന്ദ് പാറ്റേൺ ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നറിയപ്പെട്ടു. ഡോ. വർഗീസ് കുര്യന്റെ ജന്മദിനമായ നവംബർ 26 ഇന്ത്യയിൽ ദേശീയ ക്ഷീരദിനമായി ആചരിക്കുന്നു.

# സഹനം

പട്ടണക്കാട് അബ്ദുൽഖാദർ

ഒരിക്കൽ സമ്പന്നനായ ഒരനുയായി തിരുനബി(സ)യെ സന്ദർശിക്കാനെത്തി. ഉറങ്ങുകയായിരുന്ന തിരുനബി(സ) ഉണരുന്നതും കാത്ത് അദ്ദേഹമിരുന്നു.

'കാത്തിരുന്ന് മുഷിഞ്ഞോ?' ഉണർന്നപ്പോൾ നബി(സ) ആഗതനോട് ചോദിച്ചു.

'ഇല്ല.' അനുയായി പറഞ്ഞു.

അപ്പോഴാണ് തിരുനബി(സ)യുടെ പുറത്ത് ചില പാടുകൾ അദ്ദേഹം ശ്രദ്ധിച്ചത്.

'നബിയേ, താങ്കളുടെ പുറത്തു കാണുന്ന ഈ പാടുകളൊക്കെ എങ്ങനെയുണ്ടായതാണ്?' അദ്ദേഹം ചോദിച്ചു.

'പനയോലപ്പായയിൽ കിടന്നതുകൊണ്ടാണ്. സാരമില്ല!' നബി(സ) പുഞ്ചിരിയോടെ പറഞ്ഞു.



‘നബിയേ, താങ്കളിനി പനയോലപ്പായയിൽ കിടക്കേണ്ട. ഞാനൊരു മെത്ത കൊണ്ടുവന്നു തരാം. അതിൽ കിടന്നാൽ സുഖമായുറങ്ങാമല്ലോ.’ അനുയായി അതിന്ന് പുറപ്പെടാനൊരുങ്ങിയപ്പോൾ തടഞ്ഞുകൊണ്ട് തിരുദൂതർ(സ) പറഞ്ഞു: ‘നിൽക്കൂ സഹോദരാ, ജീവിതം കുറച്ചു കാലമല്ലേയുള്ളൂ. ഇത്തിരി പ്രയാസങ്ങളൊക്കെ സഹിക്കണം! ഉള്ളതുകൊണ്ട് സംതൃപ്തരാകണം! എങ്കിലേ ജീവിതത്തിൽ സമാധാനമുണ്ടാവുകയുള്ളു! മെത്ത ആഡംബരമാണ്. ചുറ്റുമുള്ളവരെപ്പോലെ പനയോലപ്പായയിൽ ഉറങ്ങുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. താങ്കളുടെ നല്ല മനസ്സിന് നന്ദി!’

വേണ്ടത്ര പണവും സുഖസൗകര്യങ്ങളുമുണ്ടായിട്ടും ജീവിതത്തിൽ സംതൃപതിയും സമാധാനവും ലഭിക്കാതിരുന്ന അനുയായി ചിന്താധീനനായി. പുഞ്ചിരിക്കുന്ന തിരുനബി(സ)യെ ആദരവോടെ നോക്കി അദ്ദേഹം യാത്ര പറഞ്ഞിറങ്ങി.



## ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. 2025ലെ വേൾഡ് പ്രസ് ഫോട്ടോ ഓഫ് ദി ഇയർ ആയി തെരഞ്ഞെടുക്കപ്പെട്ട ഫോട്ടോ പകർത്തിയ ഫോട്ടോഗ്രാഫർ?

2. ബംഗാൾ ഉൾക്കടലിൽ നടന്ന ഇന്ത്യ-ബംഗ്ലാദേശ് സംയുക്ത നാവികാഭ്യാസത്തിന്റെ പേര്?

3. അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട വനിത?

4. മാർച്ച് പതിനാറിന് അന്തരിച്ച മുൻ കേന്ദ്രസാഹിത്യ അക്കാദമി അധ്യക്ഷൻ കൂടിയായ ഒഡിയ കവി?

5. സംസ്ഥാനത്തെ ആദ്യത്തെ ബുക്ക് വെൻഡിംഗ് മെഷീൻ നിലവിൽ വന്നതെവിടെ?

6. വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പും നാഷണൽ സർവീസ് സ്കീമും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടി?




7. ബഹിരാകാശ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് ആന്ധ്രപ്രദേശ് സർക്കാരിന്റെ ഉപദേശകനായി നിയമിക്കപ്പെട്ട മലയാളി?

8. ലോക സന്തോഷ റിപ്പോർട്ടിൽ തുടർച്ചയായ എട്ടാം വർഷവും ഒന്നാമതെത്തിയ രാജ്യം?

9. കേരളത്തിലെ ആദ്യ ഹൈഡ്രജൻ ബസ് സർവീസ് നടത്തുന്നത് എവിടെയാണ്?

10. 1975 ഇന്ത്യ ഹോക്കി ലോകകപ്പ് വിജയിച്ചതിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് പുറത്തിറക്കിയ പുസ്തകം?

11. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന മുഖ്യമന്ത്രി?

12. അടുത്തിടെ ഹൈബ്രിഡ് നെൽ വിത്തിനങ്ങൾക്ക് നിരോധനമേർപ്പെടുത്തിയ സംസ്ഥാനം?

13. സൗരയൂഥത്തിൽ ഏറ്റ



സമർ അബൂഎലൂഫ്, രാമകാന്ത്, ഡോ. എസ് സ്വാമനാഥ്, ഇ.കെ നായനാർ, ആലങ്കോട് ലീലാകൃഷ്ണൻ

വും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹം?

14. സംസ്ഥാനത്ത് 2025 ഏപ്രിൽ ഒന്നിന് അറുപതാം പിറന്നാൾ ആഘോഷിച്ച പൊതുമേഖലാ സ്ഥാപനം?

15. 2025ലെ വനിത ഏകദിന ക്രിക്കറ്റ് ലോകകപ്പിന് വേദിയാകുന്ന രാജ്യം?

16. 2034 ലെ ഫുട്ബോൾ ലോകകപ്പ് നടക്കുന്ന ഏഷ്യൻ രാജ്യം?

17. 2025 ലെ ലോക പുസ്തകതലസ്ഥാനമായി യുനെസ്കോ തെരഞ്ഞെടുത്ത നഗരം?

18. സംസ്ഥാനത്തെ ആദ്യ ഹരിത റെയിൽവേ സ്റ്റേഷൻ?

19. അടുത്തിടെ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലെ അംഗത്വം ഉപേക്ഷിക്കാൻ തീരുമാനിച്ച രാജ്യം?

20. സുപ്രീംകോടതിയുടെ 52-ാമത് ചീഫ് ജസ്റ്റിസായി രാഷ്ട്രപതി നിയമിച്ചതാരെ?

21. കേരളത്തിന്റെ പുതിയ അഗ്നിരക്ഷാസേനാ മേധാവി?

22. 2025 ലെ പത്മപ്രഭാ സാഹിത്യ പുരസ്കാരത്തിന് അർഹനായതാര്?

23. 2025 മേയിൽ അന്തരിച്ച സാമൂഹിക-സാക്ഷരത പ്രവർത്തക കെ.വി റാബിയയുടെ ആത്മകഥ?

24. 2025ലെ ലോകമാധ്യമ സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം?

25. ഏപ്രിൽ 15ന് അന്തരിച്ച നൊബേൽ പുരസ്കാര ജേതാവായ വിഖ്യാത ലാറ്റിനമേരിക്കൻ കഥാകാരൻ?

**ഉത്തരങ്ങൾ**

1. സമർ അബൂഎലൂഫ്, 2. ബോംഗോ സാഗർ, 3. ക്രിസ്റ്റി കവെൻട്രി, 4. രാമകാന്ത്, 5. തിരുവനന്തപുരം, 6. ലൈഫ് ഈസ് ബ്യൂട്ടിഫുൾ, 7. ഡോ. എസ് സ്വാമനാഥ്, 8. ഫിൻലാന്റ്, 9. കൊച്ചി, 10. മാർച്ച് ഓഫ് ഗ്ലോറി, 11. ഇ.കെ നായനാർ (4009 ദിവസം), 12. പഞ്ചാബ്, 13. ശനി, 14. കെ.എസ്.ആർ.ടി.സി, 15. ഇന്ത്യ, 16. സൗദി അറേബ്യ, 17. റിയോ ഡി ജനീറോ (ബ്രസീൽ), 18. കണ്ണപുരം, 19. ഹംഗറി, 20. ജസ്റ്റിസ് ബി.ആർ ഗവായി, 21. മനോജ് എബ്രഹാം, 22. ആലങ്കോട് ലീലാകൃഷ്ണൻ, 23. സ്വപ്നങ്ങൾക്ക് ചിറകുകളുണ്ട്, 24. 151, 25. മരിയോ വർഗാസ് യോസ


മിസ്റ്റർ
മണ്ടപ്പൻ
പോസ്റ്റുമാൻ അപ്പന്മാരുടെ വീട്ടിൽ
അപ്പന്മാരേ, ഒരു കത്തുണ്ട്.
എന്തെങ്കിലും കോളുണ്ടോ?
ങേ! ഇതൊരു ഊമക്കത്താണല്ലോ.
വല്ല മണിയോർഡറോ മറ്റോ ആണെന്നു നോക്കൂ...
പ്ലീസ്, വെയ്റ്റ്!
കത്ത് വായിച്ച് മണ്ടപ്പൻ ഞെട്ടി
ഈ കത്ത് കയ്യിൽ കിട്ടുന്ന ദിവസം നിങ്ങളുടെ ചരമദിനം.
മച്ചൂ... നമ്മൾ തീർന്നെന്ന്!


അണ്ണന്റെ അന്ത്യാഭിലാഷം എന്താണാവോ?
വലിയ ആഗ്രഹമൊന്നുമില്ല. മരിക്കുംവരെ ജീവിക്കണം. അത്രതന്നെ.
ഏതായാലും, മരണമണി മുഴങ്ങിയ സ്ഥിതിക്ക് ഒന്നു ചിക്കൻ പാലസിൽ പോയാലോ?
എങ്കിൽ അങ്ങനെയാവട്ടെ. വണ്ടിയെടുത്തോളൂ.
അതേസമയം വഴിയിൽ മറ്റൊരിടത്ത്,
അപ്പന്മാർ വീട്ടിൽ നിന്ന് ഇറങ്ങിയെന്നാണറിഞ്ഞത്.
വൈകാതെ അവർ ഇവിടെയെത്തും.
ഇന്നത്തോടെ അവരുടെ ശല്യം തീരണം.


പിന്നെ നാട് നമ്മൾ ഭരിക്കും. അല്ലേ ബോസ്?
എന്താ സംശയം? ഒരു പോലീസിനെയും പിന്നെ പേടിക്കാനില്ല.
ദാ, ഈ റിമോട്ട് പിടി.
യെസ്, ബോസ്.
ഞാൻ റോഡിന്റെ മറുവശത്തുണ്ടാവും. റോഡിന്റെ ഒത്ത നടുവിലാണ് ബോംബ്.
അപ്പന്മാർ അടുത്തെത്തുമ്പോൾ ഞാൻ കൈ പൊക്കും. ഉടനെ സ്വിച്ച് അമർത്തണം.
യെസ്, ബോസ്.


തത്സമയം അപ്പന്മാർ ബൈക്കിൽ,
എങ്കിലും ആ ഊമകൾക്കെന്താ നമ്മോടിത്ര പക?
അതെയതെ. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന നമ്മൾ പാവങ്ങൾ!
ഇന്ന് നല്ലൊരു കുഴിമന്തി തന്നെ ആയിക്കോട്ടെ.
ശരിയാ. വൈകിട്ട് നമുക്കുള്ള കുഴി മാന്താനുണ്ടല്ലോ.
മരത്തിനു മുകളിൽ നിന്ന് ഒരു ഉറുമ്പിൻകൂട് ബോംബണ്ണന്റെ തലയിലേക്ക്..
ഹയ്യോ! ഉറുമ്പ്.
ഉറുമ്പു കടിയേറ്റ ബോംബണ്ണൻ കൈ പൊക്കി.


ഹയ്യോ, ചൊ റിയുന്നേ!
ദേ, ബോസ് കൈയുയർത്തി സിഗ്നൽ തന്നുകഴിഞ്ഞു.
ഇനി സ്വിച്ച് അമർത്താം. വൺ... ടു... ത്രീ...
അടുത്ത നിമിഷം,
ഭൂം
ഹയ്യോ!
ങേ, ചതിച്ചോ!
സംഭവസ്ഥലത്ത് അപ്പന്മാർ,
ഹാവൂ! ഭാഗ്യം കൊണ്ടാണ് രക്ഷപ്പെട്ടത്.
തലനാരിഴക്ക് എന്നൊക്കെ പറയുന്നത് ഇതാകും അല്ലേ?



ങേ! ബോസിന്റെ ബോധം പോയെന്നു തോന്നുന്നു.
ങേ! പിടികിട്ടാപ്പുള്ളി ബോംബണ്ണനല്ലേ ഇത്?
ഏമാന്മാർ സ്ഥലത്ത്,
അപ്പന്മാരെ സമ്മതിക്കണം. വധഭീഷണി നടത്തിയവരെ കൃത്യസമയത്ത് പിടിച്ചല്ലോ.
ഹാവൂ, ഇപ്പോഴാണ് ശ്വാസം നേരെ വീണത്!
അപ്പന്മാർ ബൈക്കിൽ,
മച്ചൂ, ഇനി ധൈര്യമായി വിട്ടോളൂ.
ചലോ... ചലോ... ചിക്കൻ പാലസ്!

നോവൽ – 20

മുജ്തബ നസ്വീഹ്

# വിചാരിക്കാത്ത നേരം വന്നെത്തിയവർ

## അബൂട്ടി

ഇന്ന് ഉമ്മയുടെ മറുപടിക്കത്ത് കിട്ടുമോ? എന്നും രാവിലെ ഉണർന്നെഴുന്നേൽക്കുമ്പോൾ അബൂട്ടിയുടെ മനസ്സിൽ ആദ്യം വരുന്ന ചിന്ത ഇതായിരിക്കും. രാത്രി ദർസ് വിട്ടു പുറത്തിറങ്ങി പോസ്റ്റുമാനെ കാണുംവരെ ആകാംക്ഷയാണ്. പോസ്റ്റ്മാൻ തന്നെ നോക്കുന്നുണ്ടോ? അന്വേഷിക്കുന്നുണ്ടോ? അങ്ങോട്ടു ചെന്ന് ചോദിക്കണമെന്നുണ്ട്; പക്ഷേ എന്തോ ഒരു മടി. ഒരു നാണം. ഉമ്മ കത്തയച്ചാൽ പോസ്റ്റ്മാൻ അതു തരാൻ മറന്നുപോയാലോ?

ഇശാ നിസ്കാരം കഴിഞ്ഞയുടനെ പുറത്തിറങ്ങി അയാളുടെ മുമ്പിലൂടെ ഒന്നു രണ്ട് പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടക്കും. അഥവാ മറന്നുപോയതാണെങ്കിൽ അബൂട്ടിയെ കാണുമ്പോൾ ഓർമ്മ വരുമല്ലോ.

ദിവസങ്ങൾ അങ്ങനെ കടന്നുപോയി. രണ്ടാമത്തെ വെള്ളിയാഴ്ചയും പിന്നിട്ടു. ക്ഷമ കെട്ട് അബൂട്ടി ഒരു ദിവസം ചെന്ന് ചോദിച്ചു: '...നിക്കൊരു കത്ത്ണ്ടായിരുന്നോ?'

പോസ്റ്റുമാൻ മുഖത്തേക്കൊന്നു നോക്കി പറഞ്ഞു: 'വന്നിട്ടില്ല മോനേ. അബൂബക്കറ് ന്നല്ലേ പേര്?'

'ങാ... അബൂട്ടീന്നും പറയും.' ഉമ്മ അബൂട്ടി എന്നാണ് അഡ്രസ് എഴുതിയതെങ്കിലോ എന്നു കരുതിയാണങ്ങനെ പറഞ്ഞത്.

'കത്ത് വന്നാല് ഞാനുടനെ മോന്റെ കയ്യില് തരാട്ടോ.' പോസ്റ്റ് മാൻ സമാധാനിപ്പിക്കുന്ന മട്ടിൽ പറഞ്ഞു.

അങ്ങനെ മൂന്നാമത്തെ വെള്ളിയാഴ്ചയും കടന്നുപോയി. ശനിയാഴ്ച ആടുകളുമായി മലകയറുമ്പോൾ അബൂട്ടിയുടെ കരളൊന്നു പിടച്ചു. കൺപോളകൾ തുള്ളി. കാൽവിരൽ ഒരു മൂർച്ചയുള്ള കല്ലിൽ തട്ടി. വേദന കൊണ്ടു പുളഞ്ഞുപോയി. കുനിഞ്ഞു നോക്കിയപ്പോൾ ചോര കണ്ടു; തൊലി പൊട്ടി ചോരയൊഴുകുന്നു! ചോര കാണുമ്പോൾ പേടിയാണ്. ഉമ്മ അടുത്തുണ്ടായിരുന്നെങ്കിൽ ആർത്തു കരഞ്ഞേനെ! ഈ കുന്നിൻമുകളിൽ വെച്ച് കരഞ്ഞിട്ടാര് കേൾക്കാനാണ്!



വേദന കുറയാതിരുന്നപ്പോൾ തോന്നി; എന്തെങ്കിലും ചെയ്തേ

പറ്റൂ. ചോര ഒഴുകിക്കൊണ്ടിരിക്കുകയാണ്. മുമ്പൊരു കൂട്ടുകാരൻ പറഞ്ഞതോർത്തു; മുറിവ് പറ്റിയാൽ ഒരു ചെടിയുടെ തളിര് പറിച്ചെടുത്ത് ചതച്ച് മുറിവിൽ വച്ചാൽ മതിയെന്ന്. അവനന്നു കാണിച്ചുതന്ന ചെടി അടുത്തെവിടെയെങ്കിലുമുണ്ടോ? ചുറ്റുമൊന്ന് നോക്കി; അല്പമകലെ അത്തരം ധാരാളം ചെടികൾ! അബൂട്ടി ഓടിച്ചെന്ന് ആ ചെടിയുടെ തളിരിലകൾ പറിച്ചെടുത്ത് തിരുമ്മിയുടച്ച് മുറിവിൽ വച്ചു. അധികനേരം കഴിഞ്ഞില്ല; രക്തമൊഴുക്കു നിന്നു. വേദന കുറഞ്ഞു. അവൻ ആശ്വാസത്തോടെ ഒരു പാറക്കല്ലിൽ ഇരുന്നപ്പോഴേക്കും ഓടി വന്നല്ലോ കൂട്ടുകാരായ ആട്ടിൻ കുട്ടികൾ! അവ അബൂട്ടിയുടെ കാലിലും മുഖത്തുമൊക്കെ മുഖമുരസി ഇക്കിളിപ്പെടുത്തി. അബൂട്ടി ചിരിച്ചുപോയി. വേദന മറന്നു പോയി. എത്ര നല്ല ചങ്ങാതിമാരാണീ ആട്ടിൻ കുട്ടികൾ! അവൻ സ്നേഹത്തോടെ അവയെ തലോടി.

തീയാളും പോലുള്ള വെയിലാണ്. ഈയിടെയായി വെയിലിന് ഇത്തിരി ദേഷ്യം കൂടിയ പോലുണ്ട്. വെയിലു കൊള്ളണമെന്നില്ല; മരത്തണലിലിരുന്നാലും വിയർത്തൊലിക്കും. വൈകുന്നേരമാകുമ്പോഴേക്കും ക്ഷീണത്താൽ തളർന്നുപോകും. എന്നാലും വൈകുന്നേരമാകുമ്പോൾ ഒരുത്സാഹമാണ്. ദർസിൽ പോകാനുണ്ടല്ലോ. ദർസ് തുടങ്ങുമ്പോഴുള്ള ബൈത്ത് കേൾക്കുമ്പോൾ ആവേശം കൂടും: 'അല്ലാഹ നഹ്മദുഹു... ദൗമൻ വ നശ്കുറുഹു...!'

ബൈത്തിലെ ഏതാനും വരികൾ അബൂട്ടിക്കുമിപ്പോൾ മനപ്പാഠമാണ്. ഉസ്താദിന്റെ സ്നേഹപൂർണ്ണമായ വാക്കുകളും കൂട്ടുകാരുടെ കഥപറച്ചിലുമൊക്കെ കേൾക്കുമ്പോൾ എല്ലാ പ്രയാസങ്ങളും മറക്കും.

കുന്നിൻപുറത്തൊക്കെ സൂര്യൻ മഞ്ഞച്ചായം പുരട്ടാൻ തുടങ്ങിയിട്ടുണ്ട്. അതു കാണുമ്പോൾ ആടുകൾക്കറിയാം, കൂട്ടിലേക്കു പോകാൻ നേരമായെന്ന്. അതുവരെ എത്ര വിളിച്ചാലും തിരിഞ്ഞു നോക്കാത്ത ആടുകൾ അബൂട്ടിയെ ഇടയ്ക്കിടെ തലയുയർത്തി നോക്കാൻ തുടങ്ങും. അപ്പോൾ

എഴുന്നേറ്റു നിന്നൊന്ന് ഉറക്കെ വിളിച്ചാൽ മതി: ബ്ബ... ബ്ബ... ബ്ബാ...! അവ അനുസരണയോടെ അടുത്തു കൂടും. പിന്നെ വടിയെടുത്ത് തെളിച്ചാൽ മുമ്പിൽ കാണുന്ന വഴിയിലൂടെ അതിവേഗം കുന്നിറങ്ങും.

ഇനി ഇരുട്ടു പരക്കാൻ അധിക നേരമില്ല. ആടുകൾക്ക് വെള്ളം കൊടുത്തു കൂട്ടിലടയ്ക്കുമ്പോഴേക്കും മഗ്‌രിബ് ബാങ്ക് കേൾക്കാം. പെട്ടെന്നൊരു കുളിയും കഴിഞ്ഞ് ഉടുപ്പു മാറി ഓടിയാലേ ദർസ് തുടങ്ങുമ്പോഴേക്കും പള്ളിയിലെത്തുകയുള്ളൂ.

ആടുകളോടൊപ്പം മുറ്റത്തേക്ക് കുതിച്ചെത്തിയപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത്; വരാന്തയിൽ ഒരാളിരിക്കു



ന്നു. അയാളുടെ മടിയിൽ ഒരു കുഞ്ഞുമുണ്ട്.

അബൂട്ടിയാകെ തരിച്ചു നിന്നുപോയി. അതയാളല്ലേ? ഉമ്മ എളാപ്പ എന്നു വിളിക്കാൻ പറഞ്ഞ അയാൾ! ഒരിക്കലുമയാളെ അങ്ങനെ വിളിച്ചിട്ടില്ല. പരിചയപ്പെടാനും വിളിക്കാനുമൊന്നും ഇതുവരെ അവസരം കിട്ടിയിട്ടില്ലല്ലോ. ഒന്നോ രണ്ടോ പ്രാവശ്യം കണ്ടതല്ലേയുള്ളൂ!

അയാളുടെ മടിയിലിരിക്കുന്ന കുഞ്ഞാണോ എന്റെ അനിയത്തി?

അയാൾ തന്നെയും ആടുകളെയും ഒന്നു നോക്കി എന്നല്ലാതെ ഒന്നും ചോദിക്കുകയും പറയുകയും ചെയ്തില്ലല്ലോ. ഈ അബൂട്ടിയെ മനസ്സിലായിട്ടുണ്ടാവില്ല. ഏതോ പണിക്കാരൻ ചെക്കൻ എന്നേ വിചാരിച്ചിട്ടുണ്ടാവൂ.

ഉമ്മ വന്നിട്ടില്ലേ? പുറത്തൊന്നും കാണുന്നില്ലല്ലോ. അബൂട്ടി എവിടെപ്പോയി എന്ന് മാമിയോട് ചോദിച്ചിട്ടുണ്ടാവില്ലേ? അവരെന്തായിരിക്കും പറഞ്ഞിട്ടുണ്ടാവുക?

കൂടുതലൊന്നും ആലോചിച്ചു നിൽക്കാൻ നേരമില്ല. ആടുകൾ ചുറ്റും കൂടി ഉന്തും തള്ളും തുടങ്ങിയിട്ടുണ്ട്. അവ കുളമ്പുകൾ കാൽപ്പത്തിയിൽ ചവിട്ടി അമർത്തുന്നുണ്ട്. മുമ്പൊക്കെ നല്ല വേദനയുണ്ടാകാറുണ്ടായിരുന്നു; ഇപ്പോൾ കാലിലാകെ തഴമ്പാണല്ലോ. അങ്ങനെയൊന്നും വേദനിക്കില്ല.

ഹള്ളോ... അബൂട്ടിയൊന്നു പിടഞ്ഞു പോയി. രാവിലെ മുറിവു പറ്റിയ കാൽവിരലിലാണ് ഒരാടിപ്പോൾ കുളമ്പുവച്ചമർത്തുന്നത്. വേദനകൊണ്ടു പിടഞ്ഞു പോയതാണ്.

അവയ്ക്കു വെള്ളം കിട്ടണം. അതിന്നുള്ള വെപ്രാളമാണ്; തിക്കും തിരക്കും. അബൂട്ടി വെള്ളമെടുക്കാൻ അടുക്കള ഭാഗത്തേക്കോടി.

പെട്ടെന്നാണ് അടുക്കള വാതിൽക്കൽ നിന്നൊരു കരച്ചിൽ: 'ഹെന്റെ അബൂട്ടി മോനേ...!'

അബൂട്ടി അങ്ങോട്ട് തിരിഞ്ഞു നോക്കുമ്പോഴേക്കും ഉമ്മ അവനെ വരിഞ്ഞു മുറുക്കിക്കഴിഞ്ഞിരുന്നു. 'ഹെന്റെ മോനേ... ഉമ്മ ആർത്തു കരയുകയാണ്; പിടുത്തം വിടാതെ.'

(തുടരും)




# സ്നേഹക്കടലാഴം

ഒരിക്കൽ കുടുംബത്തോടൊപ്പം ഞാൻ അജ്മീറിലേക്ക് പോയിരുന്നു. ഉമ്മയുടെ കൈ പിടിച്ച് നടക്കുകയായിരുന്നു ഞാൻ. പെട്ടെന്ന് ആളുകളുടെ തിരക്ക് വർധിച്ചു വന്നു. അല്പം കഴിഞ്ഞപ്പോൾ കൂടെയുണ്ടായിരുന്ന ആരെയും കാണാനില്ല. ഞാൻ ഒറ്റപ്പെട്ടിരിക്കുന്നു. എനിക്ക് വിശന്നപ്പോൾ കയ്യിലുണ്ടായിരുന്ന കവറിൽ നിന്ന് ഒരു ബ്രഡ് എടുത്തു കഴിച്ചു. സമയം കടന്നുപോയി. കുറച്ചു മുന്നോട്ട് നടന്നപ്പോഴതാ, കുറച്ചകലെ ഉമ്മ. 'ഉമ്മാ....' എന്ന് നീട്ടി വിളിച്ചു ഞാൻ ഉമ്മയുടെ അടുത്തേക്കോടി. ഉമ്മയെന്നെ വാരിപ്പുണർന്നു ഉമ്മ വച്ചു. കരഞ്ഞുകരഞ്ഞ് ഉമ്മയുടെ കണ്ണുകൾ ചുവന്നിരുന്നു. എന്നെ കാണാതായതു മുതൽ ഒന്നും കഴിക്കാതെ അങ്ങോട്ടുമിങ്ങോട്ടും ഓടുകയായിരുന്നു ഉമ്മ. അന്നാണ് ഉമ്മയുടെ സ്നേഹത്തിന്റെ ആഴമറിഞ്ഞത്.

*മുഹമ്മദ് മുഹ്സിൻ എൻ,*
*ഹസനുൽ ബസരി മദ്റസ, കടലുണ്ടി നഗരം*

# ജീവിതയാത്ര



ജീവിതം ഒരു യാത്ര.
പുഴപോലൊഴുകുന്നു.
സമുദ്രം പോൽ
തിരയടിക്കുന്നു.
സന്തോഷസന്താപങ്ങൾ
ഋതുക്കൾ പോൽ
മാറി മറിയുന്നു.

*റിസ്ബ റഫി, ക്ലാസ് 10*
*മമ്പഉൽ ഉലൂം മദ്റസ*

# ഒന്നും രണ്ടും മൂന്നും

ഒരാൾ നബി(സ)യോട് ചോദിച്ചു: 'ജീവിതത്തിൽ ആരോടാണെനിക്ക് കൂടുതൽ കടപ്പാടുള്ളത്?'

നബി(സ) പറഞ്ഞു: 'ഉമ്മയോട്.' ആഗതൻ വീണ്ടും ചോദിച്ചു: 'പിന്നീടാരോട്?' പ്രവാചകൻ പറഞ്ഞു: 'ഉമ്മയോട്.'

ആഗതൻ ചോദ്യം ആവർത്തിച്ചു: 'പിന്നീടാരോട്?' നബി(സ) ആവർത്തിച്ചു: 'ഉമ്മയോട്.'

ആഗതൻ നാലാം തവണ ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു: 'പിതാവിനോട്.' (ബുഖാരി, മുസ്‌ലിം)

ഈ സംഭവത്തിൽ നിന്ന് മാതാവിന്റെ സ്ഥാനം നമുക്ക് വ്യക്തമായി മനസ്സിലാക്കാം.

***ഫാത്തിമ റന***
***റായതുൽ ഇസ്‌ലാം മദ്റസ,***
***മുതീരി, വണ്ടൂർ***

# മിട്ടുവിന്റെ കൂട്

കാട്ടിൽ മിട്ടു എന്നൊരു കാക്ക ജീവിച്ചിരുന്നു. വലിയൊരു മരത്തിനു മുകളിൽ കൂടുകെട്ടിയാണ് അവൾ താമസിച്ചിരുന്നത്. കാടിനപ്പുറത്ത് സുന്ദരമായ ഒരു ഗ്രാമമുണ്ടായിരുന്നു. ഒരു ദിവസം മിട്ടു തീറ്റ തേടി ഗ്രാമത്തിലേക്കു പോയി. തിരിച്ചുവന്നപ്പോൾ കണ്ട കാഴ്ചവളെ സങ്കടപ്പെടുത്തി. അവൾ കൂടു വെച്ചിരുന്ന മരം ആരോ മുറിച്ചിരിക്കുന്നു. അവൾ കരയാൻ തുടങ്ങി. കരച്ചിൽ കേട്ട് ഓടിവന്ന മറ്റു പക്ഷികൾ അവളെ ആശ്വസിപ്പിച്ചു. അവൾക്ക് മറ്റൊരു മരത്തിൽ മനോഹരമായൊരു കൂടു വെച്ചുകൊടുത്തു.

***ആഇശ ബിശാറ, ക്ലാസ് 4,***
***മള്ഹറുദ്ദഅ്‌വതിൽ***
***ഇസ്‌ലാമിയ്യ***

# ഉമ്മയുടെ ത്യാഗങ്ങൾ

മരണത്തിന്റെ പാതി വേദനയനുഭവിച്ചാണത്രെ ഉമ്മ നമ്മെ പ്രസവിച്ചത്. നമ്മുടെ മുഖം കണ്ടപ്പോൾ എല്ലാ വേദനയും മറന്ന് അവർ പുഞ്ചിരിച്ചു. മാറോടു ചേർത്ത് അമ്മിഞ്ഞപ്പാൽ നൽകി വളർത്തി. രാത്രികളിൽ ഉറക്കൊഴിച്ച് നമ്മെ താരാട്ടുപാടിയുറക്കി. നമ്മുടെ വേദനകളിൽ അവരും കണ്ണീരൊഴുക്കി. നമ്മുടെ ഭാവിക്കുവേണ്ടി എല്ലാം സമർപ്പിച്ചു.

അല്ലാഹു നമ്മുടെ മാതാപിതാക്കൾക്ക് നന്മ പ്രദാനം ചെയ്യട്ടെ. ആമീൻ

***മുസ്‌ലിഹ ഫാത്തിമ പി.എം,***
***സിറാജുൽ ഹുദാ സുന്നി മദ്റസ,***
***ഒണ്ടയങ്ങാടി***

# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,
നിന്നെ കാത്തിരിപ്പാണ് ഞാൻ. സഫറിന്റെ ഗുണപാഠകഥകളും മിസ്റ്റർ മണ്ടപന്റെ ഐഡിയകളും ശാസ്ത്രവിജ്ഞാനങ്ങളും ഏറെ ഇഷ്ടമാണെനിക്ക്. അബൂട്ടിയുടെ കഥയും കുഞ്ഞുമോന്റെ അനുഭവങ്ങളും ഗംഭീരം തന്നെ. അടുത്ത മാസം വേഗം വരില്ലേ?

**മുഹമ്മദ് മിശാൽ എം. സി തലേക്കര, ക്ലാസ് 9, മഅ്ദിൻ സ്കൂൾ ഓഫ് എക്സലൻസ്**

പ്രിയപ്പെട്ട ബാലകുസുമത്തിന്,
ഞാൻ എല്ലാ മാസവും നിന്നെ കാത്തിരിക്കും. റമളാനിൽ മദ്റസ അവധിയായപ്പോൾ നിന്നെ കാണാതായി. അപ്പോൾ സങ്കടം വന്നെങ്കിലും റമളാൻ കഴിഞ്ഞ് മദ്റസ തുറന്നപ്പോൾ രണ്ടെണ്ണം കിട്ടി. അപ്പോൾ എനിക്ക് വളരെ സന്തോഷമായി. സഫറാണ് ഞാൻ ആദ്യം വായിക്കുക. വലുതായാൽ സഫറിനെ പോലെയാകാനാണ് എന്റെ ആഗ്രഹം. നബിമാരുടെ ചരിത്രം എനിക്ക് വളരെ ഇഷ്ടമാണ്. ക്വിസ്സ് സ്കൂൾപഠനത്തിൽ വലിയ ഉപകാരമാവാറുണ്ട്. ഇനിയും വരണേ...

**മുഹമ്മദ് എ. കെ, ക്ലാസ്സ് 5, സിറാജുൽ ഈമാൻ മദ്റസ, ചെക്യാട്**

പ്രിയപ്പെട്ട ബാലകുസുമത്തിന്,
എല്ലാ മാസവും ഞങ്ങൾ നിന്നെ കാത്തിരിക്കുകയാണ്. ഓരോ തവണ നീ വരുമ്പോഴും പുതിയ പുതിയ അറിവുകളാണ് പകർന്നു തരുന്നത്. 'മരം ഒരു വരം' ഞങ്ങൾക്ക് ഒരുപാട് അറിവുകൾ തന്നു. മിസ്റ്റർ മണ്ടപന്റെ തമാശകൾ ഞങ്ങളെ രസിപ്പിക്കാറുണ്ട്. ഇനിയും ഒരുപാട് അറിവുകളുമായി നീ വരുമെന്ന പ്രതീക്ഷയോടെ,

**മുഹമ്മദ് സ്വാലിഹ്, റിശാൻ, ജാൻബാസ്, ശാഹിദ്, ക്ലാസ് 9, മദീനത്തുൽഉലൂം മദ്റസ കിഴക്കേമല**

പ്രിയപ്പെട്ട ബാലകുസുമത്തിന്,
നിന്നെ ഞങ്ങൾക്ക് വളരെ ഇഷ്ടമാണ്. അബൂട്ടിയുടെ കഥയാണ് ഞങ്ങൾ ആദ്യം വായിക്കാറ്. സഫറാണ് ഞങ്ങളുടെ റോൾ മോഡൽ. പൊതുവിജ്ഞാനം ഏറെ ഉപകാരപ്രദം. എല്ലാ മാസവും ഞങ്ങൾ നിന്നെ കാത്തിരിക്കുന്നു.

**ഫാത്വിമ നജ, ഫാത്വിമ മിൻഹ, ഫാത്വിമ നശ, ദിയ ശഹീമ, റെന ഫാത്വിമ, ലിയ സഫറി, ദിയാന ഫെമി, ക്ലാസ് 9, മദീനത്തുൽ ഉലൂം മദ്റസ കിഴക്കേമല.**

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# ലല്ലുവും കൂട്ടുകാരും

ടുട്ടുമുയലും ലുട്ടുക്കുരങ്ങനും ചിട്ടനെലിയും ലല്ലുഅണ്ണാനും സുഹൃത്തുക്കളായിരുന്നു. അവർ തിത്തിരിക്കാട്ടിൽ ആടിയും പാടിയും കളിച്ചും രസിച്ചും ജീവിച്ചു.

ഒരു ദിവസം ടുട്ടു കുറച്ചു ക്യാരറ്റ് കൊണ്ടുവന്ന് കൂട്ടുകാർക്ക് കൊടുത്തു. എല്ലാവരും ഒരുമിച്ച് രുചിയുള്ള ക്യാരറ്റ് ആസ്വദിച്ചു കഴിച്ചു.

കുറച്ചു കഴിഞ്ഞ് അല്പം കപ്പക്കിഴങ്ങുമായി ചിട്ടനെലി വന്നു. അതു പങ്കിട്ടു തിന്ന് എല്ലാവരും വിശപ്പകറ്റി. മറ്റൊരു ദിവസം ലുട്ടുക്കുരങ്ങൻ നല്ല പഴുത്ത പഴങ്ങൾ കൊണ്ടുവന്നു. മധുരമുള്ള ആ പഴങ്ങൾ തിന്ന് അവർ വിശപ്പകറ്റി.

അടുത്ത ദിവസം ലല്ലു അണ്ണാൻ കുറേ വിത്തുകളുമായി വന്നു വിളിച്ചു പറഞ്ഞു:

'കൂട്ടുകാരേ വന്നാലും
വയറു നിറച്ചിതു തിന്നാലും
മൂത്ത പഴത്തിൻ വിത്തുകൾ കണ്ടോ
തിന്നു രസിക്കാമെല്ലാർക്കും.'

ലല്ലു പറഞ്ഞതു കേട്ട് മറ്റുള്ളവർ കളിയാക്കി:

'കൊള്ളാം, കൊള്ളാം... നല്ല രുചിയുള്ള വിത്തുകൾ തന്നെ. പക്ഷേ, പല്ലിൽ പറ്റാൻ പോലുമില്ലല്ലോ?!'

അതു കേട്ടപ്പോൾ ലല്ലു അണ്ണാന് വിഷമമായി.

അവൻ ഒന്നും മിണ്ടാതെ വീട്ടിലേക്കു പോയി.

അടുത്ത ദിവസം, ലുട്ടു കുറച്ചു പുളിങ്കുരുവും മാങ്ങയണ്ടിയും കൊണ്ടുവന്നു.

'ചില്ലകൾ തോറും പാഞ്ഞുനടക്കും
ലല്ലൂ തെല്ലിട നിന്നാട്ടെ
രുചിയുള്ളീ ചെറു വിത്തുകളെല്ലാം
ആസ്വദിച്ചു കഴിച്ചാട്ടെ.'



അതു കേട്ട് ലല്ലു പറഞ്ഞു:
‘എന്നെ കളിയാക്കി വിട്ട തല്ലേ
കൂട്ടരോടിനിമേൽ മിണ്ടില്ലാ ഞാൻ!
ഞാൻ തന്ന വിത്തുകൾ തിന്നീടാതെ
എന്നെ പരിഹസിച്ചില്ലേ നിങ്ങൾ!’

‘അങ്ങനെ പിണങ്ങല്ലേ ചങ്ങാതീ, ഈ വിത്തുകൾ തിന്നു നോക്കൂ.’ ലുട്ടു സ്നേഹത്തോടെ പറഞ്ഞു.

ലല്ലു സമ്മതിച്ചില്ല. അവൻ പിണക്കത്തോടെ മരക്കമ്പിലൂടെ ചാടിച്ചാടി മു

കളിലേക്ക് കയറിപ്പോയി.

കൂട്ടുകാർ നിരാശരായി മടങ്ങി. അടുത്ത ദിവസം അവർ വീണ്ടും ലല്ലുവിനെ തേടിവന്നു. പക്ഷേ, മരപ്പൊത്തിൽ അവനെ കണ്ടില്ല.

ലല്ലൂ, ലല്ലൂ എന്നു വിളിച്ച് അവർ കാട്ടിലെങ്ങും അന്വേഷിച്ചു നടന്നു.

'ലല്ലൂ, ലല്ലൂ ചങ്ങാതീ
എവിടെയൊളിച്ചൂ പറയൂ നീ
കളിയാക്കില്ലിനി ഞങ്ങളൊരിക്കലും
വേഗം പോരൂ ചങ്ങാതീ.'

ലുട്ടു വലിയൊരു മരത്തിൽ കയറി നോക്കി. ലല്ലുവിനെ അവിടെയെങ്ങും കണ്ടില്ല. അവൻ ഉറക്കെ വിളിച്ചപ്പോൾ കുറച്ചപ്പുറത്തുള്ള മരത്തിൽ നിന്ന് ചെറിയൊരു ഞരക്കം കേട്ടു. ശബ്ദം കേട്ട് അടുത്തുചെന്നപ്പോൾ 'കൂട്ടുകാരേ, ഞാനിവിടെയുണ്ട്.' മരപ്പൊത്തിൽ പനിച്ചു വിറച്ചു കിടക്കുന്ന ലല്ലുവിന്റെ ശബ്ദം കേട്ടു.

കൂട്ടുകാർ അവനെ താങ്ങിയെടുത്ത് കരടിവൈദ്യനടുത്തെത്തിച്ചു. വൈദ്യർ പറഞ്ഞ മരുന്നുകൾ നൽകി കൂട്ടുകാർ മാറിമാറി അടുത്തിരുന്ന് ലല്ലുവിനെ ശുശ്രൂഷിച്ചു. വൈകാതെ രോഗം മാറി. ആരോഗ്യം വീണ്ടെടുത്തപ്പോൾ ലല്ലു കൂട്ടുകാരോട് പറഞ്ഞു:

'നിങ്ങളോടിനി മിണ്ടില്ലെന്നൊക്കെ പറഞ്ഞ് ഈ മരപ്പൊത്തിൽ ഞാൻ ഒളിച്ചിരുന്നതാണ്. കുറച്ചുനേരം ഇവിടെ കഴിഞ്ഞപ്പോൾ കുളിരും വിറയലും തോന്നി. നല്ല പനി. നിങ്ങളെ വിളിക്കാനും എനിക്ക് മടി തോന്നി. അങ്ങനെ ക്ഷീണിച്ചവശനായി കിടക്കുമ്പോഴാണ് നല്ലവരായ കൂട്ടുകാർ എന്നെത്തേടി വന്നത്.' ലല്ലു കരച്ചിലിന്റെ വക്കിലെത്തി.

'ഒരു തമാശക്ക് പറഞ്ഞതല്ലേ... നിനക്കിത്ര വിഷമമാകുമെന്ന് ഓർത്തില്ല. ക്ഷമിക്കൂ കൂട്ടുകാരാ' എന്നു പറഞ്ഞ് ടുട്ടുമുയൽ അവനെ ചേർത്തുപിടിച്ചു.

'പല്ലിലൊട്ടാൻ മാത്രം വലിപ്പമുള്ള കായ്കൾ വേണോ കൂട്ടുകാരേ?' ലല്ലു ചിരിച്ചുകൊണ്ട് ചോദിച്ചു.

'വേണം വേണം...' അവർ ഒരുമിച്ചുറക്കെ പറഞ്ഞു. എല്ലാവരും സന്തോഷത്തോടെ ചിരിച്ചു.

# വെള്ളവും സോപ്പും

സോപ്പിന് വെള്ളത്തിന്റെ സ്വഭാവം മാറ്റാൻ കഴിയുമോ? നമുക്കൊരു പരീക്ഷണം ചെയ്തുനോക്കാം.

**ആവശ്യമായ വസ്തുക്കൾ:**
രണ്ട് കടലാസുകൾ, രണ്ട് ഗ്ലാസ്, വെള്ളം, ലിക്വിഡ് ഡിഷ് സോപ്പ്.

**ചെയ്യേണ്ട വിധം:**

രണ്ട് ഗ്ലാസുകളിലും വെള്ളം നിറയ്ക്കുക. ഒരു ഗ്ലാസിൽ 30 മില്ലി ഡിഷ് സോപ്പ് ചേർത്ത് പതിയെ ഇളക്കുക. രണ്ട് കടലാസുകളും ചുരുട്ടി ഗ്ലാസുകളിൽ ഒതുങ്ങുന്ന ചെറിയ പന്തുകളാക്കുക. ഓരോ ഗ്ലാസിലേക്കും ഓരോ പന്തു വീതം ഇടുക. ശുദ്ധജലമുള്ള ഗ്ലാസിന്റെ മുകൾഭാഗത്ത് കടലാസുപന്ത് പൊങ്ങിക്കിടക്കുന്നതു കാണാം. എന്നാൽ, സോപ്പ് ലായനിയുള്ള ഗ്ലാസിൽ കടലാസുപന്ത് വെള്ളത്തിലേക്ക് കൂടുതൽ താഴുന്നു.



**സംഭവിക്കുന്നത്:**

പ്രതലബലമാണിതിനു കാരണം. ദ്രാവകത്തിന്റെ ഉപരിതലത്തിൽ തന്മാത്രകളെ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന ശക്തിയാണിത്. ദ്രാവകത്തിന്റെ മുകൾഭാഗം ഒരു ഇലാസ്റ്റിക് ഷീറ്റ് പോലെ പ്രവർത്തിക്കുന്നു. ഈ പ്രതലബലത്തെ മറികടന്നാൽ മാത്രമേ വെള്ളത്തിന്റെ ആഴത്തിലെത്താൻ കഴിയൂ. വിരൽ വെള്ളത്തിൽ മുക്കാൻ ശ്രമിക്കുമ്പോൾ അത് കൂടുതൽ മനസ്സിലാകും.

സോപ്പ് ഒരു സർഫക്ടന്റാണ്. ദ്രാവകത്തിന്റെ പ്രതലബലം കുറയ്ക്കാൻ കഴിയുന്ന വസ്തുക്കളിലൊന്നാണ് സർഫക്ടന്റ്. ദ്രാവകത്തിന്റെ ഉപരിതലത്തിലുള്ള തന്മാത്രകൾ തമ്മിലുള്ള ബന്ധം കുറയ്ക്കാൻ സോപ്പിന് കഴിയുമെന്നു ചുരുക്കം.

സോപ്പ് കലർത്തിയ വെള്ളത്തിന്റെ പ്രതലബലം കുറഞ്ഞതിനാൽ, കടലാസുപന്ത് വെള്ളത്തിലേക്ക് താഴ്ന്നുപോകുന്നു. ജലതന്മാത്രകളെ കൂടുതൽ ആഗിരണം ചെയ്യുകവഴി കടലാസ് പന്തിന്റെ ഭാരം വർധിക്കുന്നതാണിതിനു കാരണം.



ശാക്കിർ തോട്ടിക്കൽ

# കേരളത്തിലെ അണക്കെട്ടുകൾ

**വൈ**ദ്യുതി ഉൽപാദനം, കുടിവെള്ളം, ജലസേചനം തുടങ്ങിയ ആവശ്യങ്ങൾക്കാണ് കേരളത്തിലെ ഡാമുകളിലധികവും നിർമ്മിച്ചിരിക്കുന്നത്. ഡാമുകളുടെ മനോഹരമായ പരിസരപ്രദേശങ്ങളും പൂന്തോപ്പുകളും പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളാണ്. കേരളത്തിലെ ചില ഡാമുകളെ പരിചയപ്പെടാം.

## പോത്തുണ്ടി

പാലക്കാട് പട്ടണത്തിൽ നിന്ന് 42 കിലോമീറ്റർ അകലെയുള്ള പോത്തുണ്ടി അണക്കെട്ട് മണ്ണുകൊണ്ടുണ്ടാക്കിയ ഇന്ത്യയിലെ വലിയ, പഴയ അണക്കെട്ടുകളിലൊന്നാണ്. പാലക്കാട് ജില്ലയിലെ കൃഷിക്കും കുടിവെള്ളത്തിനുമായാണ് പോത്തുണ്ടി ജലസേചനപദ്ധതി തയ്യാറാക്കിയത്. പോത്തുണ്ടിയിൽ നിന്ന് 17 കിലോമീറ്റർ അകലെയാണ് നെല്ലിയാമ്പതി മലനിരകൾ.

## പറമ്പിക്കുളം

പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ ചുരങ്ങളോട് ചേർന്ന് നിലകൊള്ളുന്ന അണക്കെട്ടാണ് പറമ്പിക്കുളം ഡാം. പറമ്പിക്കുളം വന്യജീവി സംരക്ഷണകേന്ദ്രത്തിലൂടെ ഒഴുകുന്ന നദിയിലാണിത് സ്ഥിതി ചെയ്യുന്നത്. ഈ അണക്കെട്ടിൽ സംഭരിക്കുന്ന ജലം പ്രധാനമായും

കാർഷികാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

### കക്കയം

മലബാറിലെ ആദ്യ ജലവൈദ്യുതപദ്ധതിയായ കുറ്റ്യാടി ജലവൈദ്യുതപദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കക്കയത്ത് കുറ്റ്യാടിപ്പുഴയിൽ നിർമ്മിച്ച അണക്കെട്ടാണ് കക്കയം അണക്കെട്ട്. വൈദ്യുതോല്പാദനത്തിനായി നിർമ്മിച്ച കോൺക്രീറ്റ് ഗ്രാവിറ്റി അണക്കെട്ടാണിത്. ഇന്ന് മികച്ച ഹൈഡൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ് കക്കയം ഡാം.

### ബാണാസുര സാഗർ

ഇന്ത്യയിലെ ഏറ്റവും വലിയ എർത്ത്ഡാമാണ് വയനാട് ജില്ലയിലെ ബാണാസുര സാഗർ. ഒരു കിലോ മീറ്ററോളം നീളത്തിൽ 33 ലക്ഷം കുബിക് മീറ്റർ മണ്ണുപയോഗിച്ച് 1979 ലാണ് ഈ ഡാം നിർമ്മിച്ചത്. ജലസംഭരണിക്ക് ചുറ്റുമായി വ്യാപിച്ചു കിടക്കുന്ന ബാണസുര കുന്നുകൾ ഇന്ന് മികച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്.

### മലമ്പുഴ

പാലക്കാട് ജില്ലയിൽ ജലസേചനാവശ്യാർത്ഥം 1955 ൽ നിർമ്മിച്ച അണക്കെട്ടാണ് മലമ്പുഴ ഡാം. പശ്ചിമഘട്ടത്തിന്റെ പശ്ചാത്തലത്തിലുള്ള ഈ ജലസംഭരണിയും ഉദ്യാനവും പ്രകൃതിരമണീയമാണ്. അമ്യൂസ്മെന്റ് പാർക്കുകൾ, റോക്ക് ഗാർഡൻ, റോപ് വേ തുടങ്ങിയവ ആസ്വദിക്കാൻ ദിനേന നിരവധി സഞ്ചാരികളാണ് ഇവിടെയെത്തുന്നത്.











(തുടരും)

## വഴി കാണിക്കാമോ?

മിട്ടു മുയലിന് ക്യാരറ്റ് കഴിക്കാൻ കൊതിയായി. വഴി കണ്ടെത്താൻ കൂട്ടുകാർ സഹായിക്കാമോ?



## കൂട്ടിയെഴുതാം




## വരക്കാൻ പഠിക്കാം



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഒരുപോലെ തോന്നുന്ന ഈ ചിത്രങ്ങൾ തമ്മിൽ
**5** വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ചിത്രത്തിന്
അനുയോജ്യമായ
നിറം നൽകി
ഭംഗിയാക്കിക്കോളൂ.



Current Affairs

## ന്യൂ ഹിസ്റ്ററി

ബഹിരാകാശയാത്രയുടെ 60 വർഷത്തെ ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾ മാത്രം ഉൾപ്പെട്ട യാത്രാസംഘം ദൗത്യം വിജയകരമായി പൂർത്തിയാക്കി. ജെഫ് ബെസോസിന്റെ ബഹിരാകാശകമ്പനിയായ ബ്ലൂ ഒറിജിന്റെ 'ന്യൂ ഷെപാർഡ്' പേടകത്തിൽ 6 വനിതകൾ ഉൾപ്പെട്ട സംഘം ഏപ്രിൽ 14 നാണു ബഹിരാകാശയാത്ര നടത്തിയത്.

## വിട മാർപ്പാപ്പ

ആഗോള കത്തോലിക്കാസഭയുടെ തലവൻ ഫ്രാൻസിസ് മാർപ്പാപ്പ അന്തരിച്ചു. കത്തോലിക്കാസഭയുടെ 266-ാമത് മാർപ്പാപ്പയായിരുന്നു. മാരിയോ ബർഗോളിയോ എന്നായിരുന്നു പോപ്പായി സ്ഥാനാരോഹണം ചെയ്യുന്നതിനുമുമ്പുള്ള പേര്. അർജന്റീന



യിലെ ബ്യൂണസ് ഐറിസിൽനിന്നുള്ള ഫ്രാൻസിസ് മാർപാപ്പ ലാറ്റിനമേരിക്കയിൽനിന്നുള്ള ആദ്യത്തെ പോപ്പാണ്. കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് എന്ന ലിയോ പതിനാലാമൻ പുതിയ മാർപാപ്പയായി.

## മുഖം തുറന്ന് വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മേയ് രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു. ഉദ്ഘാടനത്തിനുശേഷം വിഴിഞ്ഞത്തെത്തിയ സെലസ്റ്റിനോ മരസ്കോ എന്ന മദർഷിപ്പിനെ പ്രധാനമന്ത്രി സ്വീകരിച്ചു. 2024 ജൂലായിലാണ് വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽറൺ നടന്നത്. 2015 ഓഗസ്റ്റ് 17 നാണ് വിഴിഞ്ഞം തുറമുഖ നിർമാണത്തിന് കരാർ ഒപ്പിട്ടത്. ഇന്ത്യയിലെ ആദ്യത്തെ മദർപോർട്ട് അഥവാ ട്രാൻസ്ഷിപ്മെന്റ് പോർട്ട് എന്ന ഖ്യാതിയും വിഴിഞ്ഞത്തിനുണ്ട്.

## പുതിയ ഇനം മത്സ്യങ്ങൾ

പശ്ചിമഘട്ടത്തിൽ പുതിയ മത്സ്യയിനങ്ങളെ കണ്ടെത്തി. ലാബിയോ ഉരു, ലാബിയോ ചെക്കിഡ എന്നിവയാണ് പുതിയ മത്സ്യയിനങ്ങൾ. ചന്ദ്രഗിരിപ്പുഴയിൽനിന്നാണ് ലാബിയോ ഉരുവിനെ കണ്ടെത്തിയത്. പായപോലുള്ള നീളമേറിയ ചിറകുകളാണിവയ്ക്കുള്ളത്. ലാബിയോ ചെക്കിഡ എന്നറിയപ്പെടുന്ന മത്സ്യത്തെ ചാലക്കുടിപ്പുഴയിൽനിന്നാണ് കണ്ടെത്തിയത്.

هَيَّا نَقْرَأ قِصَّةَ فَاتِن بِاللُّغَةِ العَرَبِيَّة

# فَاتِنُ لَمْ تَعُدْ حَزِينَة ٤

حَزِنَ أَصْدِقَاءُ تَامِر لِقِصَّةِ فَاتِن الْحَزِينَة وَأَرَادُوهَا حقًّا أَنْ تَأْتِيَ إِلَى الْمَدْرَسَةِ لِتَتَعَلَّمَ مَعَهُمْ. فَقَرَّرُوا التَّكَلُّمَ مَعَ الْأُسْتَاذِ نَحْنُ نَعْرِفُ فَتَاةً تُدْعَى فَاتِن أَصَابَهَا الشَّلَلُ وَهِيَ لَا تَسْتَطِيعُ الْمَجِيءُ إِلَى الْمَدْرَسَةِ وَأَيْنَ تَعِيشُ فَاتِن؟

عِنْدَ أَطْرَافِ الْقَرْيَة. نَحْنُ نُرِيدُ مُسَاعَدَتَهَا حقًّا. إِبْتَسَمَ الْأُسْتَاذُ إِذْ شَعَرَ بِالْفَخْرِ مِنْ تَلَامِيذِه، وَقَالَ: غَدًا الْخَمِيس، سَنَزُورُ فَاتِن فِي مَنْزِلِهَا

وَفِي صَبَاحِ الْيَومِ التَّالِي، رَافَقَ الْأُسْتَاذُ نَاظِم تَلَامِيذه إِلَى مَنْزِلِ فَاتِن. إِسْتَقْبَلَتْهُمْ وَالِدَتُهَا بِفُتُورٍ إِذْ لَمْ تَفْهَمْ سَبَبَ الزِّيَارَةِ. فَقَالَ لَهَا الْأُسْتَاذُ: أَتَيْنَا نُكَلِّمُكِ عَنْ إِبْنَتِكِ فَاتِن. يَوَدُّ تَلَامِيذِي أَنْ تَلْتَحِقَ فَاتِن بِالْمَدْرَسَةِ كَسَائِرِ مَنْ فِي سِنِّهَا. وَأَنَا أُوَافِقُهُمْ الرَّأْيَ أَيْضًا



نَادَتْ وَالِدَةُ فَاتِن إِبْنَتَهَا، وَإِسْتَمَعَتَا طَوِيلًا إِلَى الْأُسْتَاذِ نَاظِم وَتَلَامِيذُهُ يَشْرَحُونَ عَنْ أَهَمِّيَّةِ الْمَدْرَسَةِ وَالتَّعَلُّمِ فِيهَا. وَفِي الْمَسَاءِ عِنْدَمَا عَادَ وَالِدُ فَاتِن مِنْ عَمَلِهِ فِي الْحُقُولِ، أَخْبَرَتْهُ زَوْجَتُهُ عَنْ زِيَارَةِ التَّلَامِيذِ وَالْأُسْتَاذِ نَاظِم. كَمَا أَخْبَرَتْهُ كُلَّ مَا شَرَحُوهُ لَهَا عَنِ الْمَدْرَسَةِ فَرِحَ الْأَوْلَادُ كَثِيرًا إِذْ أَنَّ فَاتِنَ سَتُرَافِقُهُمْ إِلَى الْمَدْرَسَةِ مِنَ الْآنِ وَصَاعِدًا صَنَعُوا لَهَا مَقْعَدًا خَشَبِيًّا وَإِخْتَارُوا فِي مَا بَيْنَهُمْ أَرْبَعَةَ فِتْيَانَ أَقْوِيَاءَ لِحَمْلِهَا

## هَيَّا نَحْفَظ وَ نَكْتُب الْمَعْنَى لِلْأَلْفَاظِ الْآتِيَة

أَطْرَاف , إِبْتَسَمَ , أَهَمِّيَّةِ , الْحُقُول , الزِّيَارَة

# English Corner

## Story Line

## The Right of Way



Once a surveyor kicked open the gate leading to Tenali Raman's fields and began to set up his surveying instruments there. When Raman asked him what he was doing he showed him a document and said: "I'm a government surveyor. I have authority to enter any field I please without seeking the owner's permission!"

Raman closed the gate and was walking away when he heard a commotion behind him. He turned and saw that the surveyor was being chased by a bull. "It's gaining on me. What should I do?" the surveyor shouted." "Show him the document you showed me," replied Raman.

# വഴിയുടെ അവകാശം

ഒരിക്കൽ ഒരു സർവേ ഉദ്യോഗസ്ഥൻ തെന്നാലിരാമന്റെ വയലിലേക്കുള്ള ഗേറ്റ് ചവിട്ടി തുറന്ന് അവിടെ തന്റെ സർവേ ഉപകരണങ്ങൾ സ്ഥാപിക്കാൻ തുടങ്ങി. എന്താണ് താങ്കൾ ചെയ്യുന്നതെന്ന് രാമൻ ചോദിച്ചപ്പോൾ അദ്ദേഹം ഒരു രേഖ കാണിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ ഒരു സർക്കാർ സർവേയറാണ്. ഉടമയുടെ അനുവാദമില്ലാതെ ഇഷ്ടമുള്ള ഏതു വയലിലും പ്രവേശിക്കാൻ എനിക്ക് അധികാരമുണ്ട്!'

ഗേറ്റ് അടച്ച് നടന്നുപോകുമ്പോൾ പിന്നിൽ നിന്ന് ഒരു നിലവിളി കേട്ട് രാമൻ തിരിഞ്ഞു നോക്കി. അപ്പോൾ സർവേയറെ ഒരു കാള ഓടിക്കുന്നതാണ് കണ്ടത്. 'ഈ കാളയിതാ എന്റെ നേർക്കു വരുന്നു. ഞാൻ എന്തുചെയ്യണം?' സർവേയർ അലമുറയിട്ടു.

'താങ്കൾ നേരത്തെ എന്നെ കാണിച്ച രേഖ കാളക്ക് കാണിച്ചുകൊടുക്കൂ.' രാമൻ മറുപടി പറഞ്ഞു.

**Poem**

## *Who am I ?*



At east, you can see me at dawn
Above the head at noon
Up the hill in the evening
Hiding under the sea at dusk
If you can name me true
A delightful prize awaits you.

Answer: Sun

**Salam Thirumala**

# Tenses

## 5. Simple Past Tense

The simple past tense is defined as the form of a verb used to describe an action that happened before the present time and is no longer happening. It is usually made by adding 'ed' or 'd' to the end of the base verb.

### Structure

**Subject + Verb in the past form (V2) + rest of the sentence.**

### Positive

- You spoke really well.
- I had my breakfast.

### Negative

- You did not speak really well.
- I did not have my breakfast.

### Interrogative

- Did you speak really well?
- Did I have my breakfast?

### Negative Interrogative

- Didn't you speak really well?
- Didn't I have my breakfast?

## Uses of Simple Past Tense

**Actions that happened in the past**

- We went to the park yesterday evening.
- I totally forgot about the meeting.
- Manu opened the door for the guests.

**Actions that was true for some time in the past**

- Karthik played tennis when she was in school.
- Holly worked as a guest lecturer at our college.
- Sabu used to love reading novels when she was younger.

**Referring to an action that took place several times in the past**

- I worked as an academic counsellor for six months.
- We enjoyed playing Pictionary every time we met.
- My father dropped me at school every day till I entered high school.

### Heartbeat

A bird's heart can beat around 100 times per minute while resting, but it can increase to 1200 beats per minute when flying, depending on the species and temperature.



### Talk like a Parrot

The African grey parrot is the most talkative bird, capable of learning over 800 words, while most other parrots can learn only up to 50 words.


Master
Imitable
As Rizwan and Adil walk past an old house,
Adil, do you know whose house this is?
No, tell me, who owns it?
This is our friend Khalid's house.
Is it? I didn't know.
Shall we go in and take a look?
Yes, Today is Sunday. Khalid will be there.
Assalamu Alaikum
Wa Alaikum assallam, Hi friends.
How are you, Khalid?
Alhamdulillah, fine.


Schools are opening shortly; did you buy new clothes and books?
That..... Not yet, I have to buy it.
Dad was sick in bed. And....
Don't worry Khalid. Let's find a way.
He's very poor, isn't he?
Yes. Can we help him?
Let's collect some money from neighbouring houses.
Yes. So we can buy something for Khalid.
Didi, can you help our friend?
This is for a poor friend of ours. Please help.
Then, both are at Khalid's house.
Here is a gift for you Khalid.
Thank you very much. I will never forget this help.

# WORD PUZZLE

Read the story '**Right of the way**', find the underlined words and try to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| O | P | E | N | D | E | N |
| D | L | E | I | F | O | W |
| V | E | L | F | D | W | B |
| G | A | T | E | R | N | L |
| C | S | A | W | A | E | L |
| A | E | N | T | E | R | U |
| P | D | N | I | H | E | B |

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 3 | | | 8 | 7 | | 6 |
| | | | 9 | 6 | | | 3 | 1 |
| 7 | 4 | 6 | | | | | | 9 |
| | 1 | | | 2 | 9 | | | 8 |
| 2 | 7 | | | 1 | | | 4 | 3 |
| | 8 | 4 | | | 5 | | | |
| 8 | | | | | | 9 | | |
| 9 | | 1 | 7 | | 4 | 3 | | |
| | | | 1 | | | 8 | 6 | |

## Name me



I _ _





I _ _ _



I _ _

ANS: ICE, IRON, INK

## Sudoku

ANSWER
**MAY ISSUE**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | 9 | 2 | 1 | 6 | 7 | 3 | 4 | 5 |
| 7 | 6 | 5 | 3 | 4 | 2 | 8 | 1 | 9 |
| 4 | 3 | 1 | 8 | 9 | 5 | 7 | 6 | 2 |
| 9 | 5 | 4 | 6 | 8 | 1 | 2 | 7 | 3 |
| 6 | 2 | 7 | 5 | 3 | 4 | 9 | 8 | 1 |
| 3 | 1 | 8 | 7 | 2 | 9 | 4 | 5 | 6 |
| 1 | 4 | 9 | 2 | 7 | 6 | 5 | 3 | 8 |
| 5 | 7 | 3 | 9 | 1 | 8 | 6 | 2 | 4 |
| 2 | 8 | 6 | 4 | 5 | 3 | 1 | 9 | 7 |


PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**